കേരള സർക്കാർ

# മണ്ണ് സംരക്ഷണ പദ്ധതി
# വിലയിരുത്തൽ പഠനം 2022-23



സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
തിരുവനന്തപുരം
2025



സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ , തിരുവനന്തപുരം, 695033
ഫോൺ നം : +91- 471-2305318
ഫാക്സ് നം : +91- 471-2305317
വെബ്സൈറ്റ് www.ecostat.kerala.gov.in

ശ്രീ ശ്രീകുമാർ ബി
ഡയറക്ടർ

## അവതാരിക

പ്രപഞ്ചത്തിൽ ജനവാസ യോഗ്യമായ ഒരേയൊരു ഗ്രഹമായി ഭൂമി നിലനിൽക്കുന്നതിന്റെ അടിസ്ഥാന ഘടകങ്ങളാണ് മണ്ണ്, ജലം, വായു തുടങ്ങിയവ. ആത്യന്തികമായി മാനവരാശിയുടെ നിലനിൽപ്പ് ഇവയുടെ സംരക്ഷണത്തിലധിഷ്ഠിതമായതിനാൽ തന്നെ ഇവയുടെ സംരക്ഷണ പ്രവർത്തങ്ങൾക്ക് മുൻപില്ലാത്ത വിധമുള്ള പ്രാമുഖ്യവും പ്രാധാന്യവുമുണ്ട്. ആഗോള താപനവും കാലാവസ്ഥ വ്യതിയാനവുമെല്ലാം തന്നെ പ്രകൃതിയുടെ സംതുലനാവസ്ഥയ്ക്ക് ഭംഗം വരുത്തിയിട്ടുണ്ട്. വനനശീകരണം, വായു-ജല മലിനീകരണം തുടങ്ങി അറിഞ്ഞോ അറിയാതെയോ ചെയ്യപ്പെടുന്ന പ്രവർത്തങ്ങളെല്ലാം തന്നെ വരും തലമുറയ്ക്ക് വാസയോഗ്യമല്ലാത്ത ഒരിടമായി ഭൂമിയെ മാറ്റപ്പെടുത്തുകയാണ്. ആയതിനാൽ ആഗോള പാരിസ്ഥിക സംതുലനവും കാലാവസ്ഥ സുസ്ഥിരതയും ഉറപ്പാക്കിയുള്ള സുസ്ഥിര വികസന പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിയുടെ പുനഃസ്ഥാപനത്തിലാണ് ലോകം ഇപ്പോൾ ഉറ്റു നോക്കുന്നത് .

പ്രകൃതി വിഭവങ്ങളാലും സുഖകരമായ കാലാവസ്ഥയാലും അനുഗ്രഹീതമായിരുന്ന ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലും പാരിസ്ഥിതിക വിഷയങ്ങൾ കാര്യമായി ബാധിച്ച് തുടങ്ങിയതായി കാണാം. മൺസൂണിന്റെ കവാടമായ കേരളം മഴയുടെ സ്വന്തം ദേശം കൂടിയാണ്. ദേശീയ ശരാശരിയെക്കാൾ രണ്ടിരട്ടി മഴ വർഷം തോറും ലഭിക്കുന്നുണ്ട്, എന്നാൽ ഭൂഗർഭജലത്തിന്റെ തോത് താഴ്ന്ന അവസ്ഥയും രൂക്ഷമായ ജലക്ഷാമവും നാം ഗൗരവമായി കാണണം. മഴക്കാലങ്ങളിൽ വെള്ളപ്പൊക്കം, പ്രളയം മഴയൊന്നുമാറിയാൽ വരൾച്ച, ജലക്ഷാമം എന്നിങ്ങനെ കാലാവസ്ഥയുടെ അപ്രവചനീയത അനുനിമിഷം കൂടി വരികയാണ് . കേരളത്തിൽ നല്ലൊരു ഭാഗം മഴവെള്ളവും ഒഴുകിപ്പോകുന്നതിനാൽ ഇവയെ വീഴുന്നിടത്തുതന്നെ സംരക്ഷിക്കപ്പെടുന്നതിനുതകുന്ന ചെറുതും വലുതുമായ നീർത്തടാധിഷ്ഠിത പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. അനേക വർഷങ്ങളിലൂടെ പ്രകൃതിയൊരുക്കിയ വളക്കൂറുള്ള മണ്ണ് മനുഷ്യന്റെ നിയന്ത്രണമില്ലാത്ത ഇടപെടലിനെ തുടർന്ന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഫലഭൂയിഷ്ഠമായ മണ്ണാണ് ഭക്ഷ്യ വിളകളുടെ നിലനിൽപ്പിനാവശ്യമായ പ്രധാന ഘടകം. മണ്ണൊലിപ്പ് മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്നതിനൊപ്പം കാർഷിക വിഭവങ്ങളുടെ ഉത്പാദനത്തിലും ഭൂഗർഭ ജലത്തിന്റെ അളവിലും വലിയ കുറവ് വരുത്തുന്നു. ഉപരിതലമണ്ണിന്റെ നഷ്ടം ഒഴിവാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പരമാവധി ജലം സംരക്ഷിക്കുന്നതിനും വേണ്ടി നിരവധി നിർമിതികൾ ഉപയോഗിക്കാറുണ്ട്. കൃത്യമായ സ്ഥാനനിർണയം

നടത്തി ഇത്തരം നിർമിതികൾ പണിതാൽ മണ്ണ്-ജല സംരക്ഷണത്തിന് വളരെ സഹായകരമായിരിക്കും. ഇത്തരം നിർമിതികൾക്കായി നിരീക്ഷണവും വിലയിരുത്തൽ പഠനവും ആവശ്യമാണ്. ഇവ നേട്ടങ്ങൾ വെളിപ്പെടുത്തുക മാത്രമല്ല തുടർ പ്രവർത്തനങ്ങളിൽ  ഊന്നൽ കൊടുക്കേണ്ടതായ തലങ്ങളെ നിർദ്ദേശിക്കുകയും ചെയ്യും.

സംസ്ഥാനത്ത് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പും മറ്റ് സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സ്വന്തം നിലയ്ക്കും, ജനപങ്കാളിത്തത്തോട് കൂടിയും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ  നടപ്പിലാക്കി മൂന്ന്  വർഷങ്ങൾക്ക് ശേഷം അവയുടെ  അനന്തര ഫലങ്ങൾ മനസിലാക്കുന്നതിനും ഭാവി പദ്ധതി പ്രവർത്തനങ്ങൾ  ആസൂത്രണം ചെയ്യുന്നതിനും പാരിസ്ഥിക സംരക്ഷണ മേഖലകളിലെ നയ രൂപീകരണ പ്രവർത്തനങ്ങൾക്കും ഉപയുക്തമാകുന്ന വിധം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മുഖേന ഇവയിൽ നിന്നും  തിരഞ്ഞെടുത്ത പദ്ധതികളുടെ വിലയിരുത്തൽ പഠനം നടത്തി വരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി സംസ്ഥാന ജില്ലാതല റിപ്പോട്ടുകൾ പ്രസിദ്ധീകരിച്ച് വരുന്നു.

2022-23 കാർഷിക വർഷം നടത്തിയ വിലയിരുത്തൽ പഠനപ്രകാരം തയ്യാറാക്കിയ ഈ റിപ്പോർട്ട്, ജില്ലാ ആസൂത്രണ സമിതികൾക്ക് ഈ വിഷയത്തിൽ ഇടപെടാനും മറ്റ് നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നിർവ്വഹണം നടത്തുന്നതിന് തദ്ദേശ സർക്കാരുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ലക്ഷ്യം വച്ചുള്ളതാണ് .കൂടാതെ വിദ്യാഭ്യാസ പ്രവർത്തകർക്കും, ഗവേഷകർക്കും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന സമൂഹത്തിലെ എല്ലാവർക്കും പ്രസ്തുത റിപ്പോർട്ട്  പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ജില്ലാതലത്തിൽ സർവേ പ്രവർത്തനങ്ങൾക്ക്  മേൽനോട്ടം വഹിച്ച  ഡെപ്യൂട്ടി ഡയറക്ടർമാർ, റിസർച്ച് ഓഫീസർമാർ, വിവരശേഖരണവും ഡാറ്റാ എൻട്രിയും നടത്തിയ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ, സർവേ പ്രവർത്തനങ്ങളിൽ സഹായം ലഭ്യമാക്കിയ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ ജനപ്രതിനിധികൾ മറ്റ്  ഉദ്യോഗസ്ഥർ എന്നിവർക്കും ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അഭിലാഷ്.കെ യുടെ മേൽനോട്ടത്തിലും അഡീഷണൽ ഡയറക്ടർ ശ്രീ.മനോജ്.എം ന്റെ നേതൃത്വത്തിലും പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയ  ഡയറക്ടറേറ്റിലെ  വിലയിരുത്തൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കും ഈ അവസരത്തിൽ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

റിപ്പോർട്ടിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

തിരുവനന്തപുരം

04/02/2025

ശ്രീകുമാർ ബി

ഡയറക്ടർ

## മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംഭാവന നൽകിയവർ

### മാർഗ നിർദേശം

ശ്രീ മനോജ് എം (അഡീഷണൽ ഡയറക്ടർ )

### എഡിറ്റിംഗ്

ശ്രീ അഭിലാഷ് കെ (ഡെപ്യൂട്ടി ഡയറക്ടർ, വിലയിരുത്തൽ വിഭാഗം)

### തയ്യാറാക്കിയത്

ശ്രീ രാജേഷ് കുമാർ ബി ആർ (റിസർച്ച് ഓഫീസർ)

ശ്രീമതി സുമ എസ് എ (റിസർച്ച് അസിസ്റ്റന്റ്)

ശ്രീ ശ്യാംദാസ് ജെ എസ് (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് –I)

ശ്രീ രതീഷ് ബി (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് –I)

ശ്രീമതി അൻസിയ എ (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് –II)

### ഫീൽഡ്തല വിവരശേഖരണം

സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്

### മേൽനോട്ടവും പരിശോധനയും

ജില്ലാതല ഓഫീസർമാർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്

### ഏകോപനവും നിരീക്ഷണവും

ഡെപ്യൂട്ടി ഡയറക്ടർമാർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്

### സോഫ്റ്റ്‌വെയർ രൂപകൽപ്പന

കമ്പ്യൂട്ടർ വിഭാഗം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കാര്യാലയം

## ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | പ്രധാന വസ്തുതകൾ | 1 |
| | **അധ്യായം I** | |
| 1 | മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ | |
| 1.1 | ആമുഖം | 3 |
| 1.2 | വിവിധ തരം മണ്ണുകൾ | 4 |
| 1.3 | പ്രത്യേക കൃഷിരീതികൾ | 7 |
| 1.4 | മണ്ണുമായി ബന്ധപ്പെട്ട ശാസ്ത്ര ശാഖകൾ | 7 |
| 1.5 | മണ്ണ് , ജല സംരക്ഷണത്തിന്റെ ആവശ്യകത | 7 |
| 1.6 | നീർത്തട പരിപാലനം | 8 |
| 1.7 | കൃഷി ഭൂമികളിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ | 8 |
| 1.8 | സംരക്ഷണ കൃഷി മുറകൾ | 10 |
| 1.9 | നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ | 13 |
| 1.10 | പാർശ്വഭിത്തികൾ | 15 |
| 1.11 | മഴവെള്ള സംഭരണം | 15 |
| 1.12 | മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ | 17 |
| 1.13 | വിലയിരുത്തൽ പഠനകാലയളവ് | 17 |
| 1.14 | നീർത്തടം (വാട്ടർഷെഡ്) | 18 |
| 1.15 | നീർത്തടാധിഷ്ഠിത വികസനം | 18 |
| 1.16 | വെള്ളക്കെട്ട് | 19 |
| 1.17 | വിലയിരുത്തൽ പഠനരീതി | 20 |
| | **അധ്യായം II** | |
| 2 | പൊതു വിവരങ്ങൾ | 22 |
| 2.1 | തിരുവനന്തപുരം ജില്ല – ഇലങ്കത്തറ മേച്ചേരി നീർത്തട പദ്ധതി | 23 |
| 2.2 | കൊല്ലം ജില്ല – മാലയിൽ പരുത്തിയറ നീർത്തട പദ്ധതി | 25 |

| | | |
|---|---|---|
| 2.3 | പത്തനംതിട്ട ജില്ല –പന്നിയറമൂടി SPGB, മുണ്ടൻപാറമല SPGB | 27 |
| 2.4 | ആലപ്പുഴ ജില്ല – വെട്ടത്തേരി ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 29 |
| 2.5 | കോട്ടയം ജില്ല– അരിക്കൽത്തോട് നീർത്തട പദ്ധതി | 30 |
| 2.6 | ഇടുക്കി ജില്ല – പൊട്ടൻകാട് നീർത്തട പദ്ധതി | 32 |
| 2.7 | എറണാകുളം ജില്ല – തിരുമറയൂർ തോട് ഡ്രയിനേജ് & ഫ്ലഡ് കൺട്രോൾ പ്രൊജക്റ്റ് ഫേസ് 2 | 34 |
| 2.8 | തൃശ്ശൂർ – കുണ്ടുതോട് ചിറമനേങ്ങാട് നീർത്തട പദ്ധതി | 36 |
| 2.9 | പാലക്കാട് ജില്ല – മലേറിയംതോട് നീർത്തട പദ്ധതി | 37 |
| 2.10 | മലപ്പുറം ജില്ല –കൽക്കുണ്ട് കാപ്പിലാം തോട്ടം നീർത്തട പദ്ധതി | 40 |
| 2.11 | കോഴിക്കോട് ജില്ല – വാളക്കയം നീർത്തട പദ്ധതി, നെല്ലിക്കുന്ന് നീർത്തടം പദ്ധതി | 41 |
| 2.12 | വയനാട് ജില്ല – ഓടവയൽ നീർത്തട പദ്ധതി | 44 |
| 2.13 | കണ്ണൂർ ജില്ല – മഞ്ഞത്തോട് നീർത്തട പദ്ധതി | 45 |
| 2.14 | കാസർഗോഡ് ജില്ല – തിമ്മൻചാൽ നീർത്തട പദ്ധതി | 46 |
| | അധ്യായം III | |
| 3 | മണ്ണ് സംരക്ഷണ രീതികൾ | 49 |
| 3.1 | മണ്ണ് സംരക്ഷണ പദ്ധതികൾ | 49 |
| 3.2 | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ | 50 |
| 3.3 | മണ്ണ് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയ ഭൂമിയുടെ വിവരങ്ങൾ | 52 |
| 3.4 | പ്രധാന പ്രവർത്തനങ്ങൾ | 53 |
| 3.4.1 | കോണ്ടൂർ ബണ്ടിംഗ് | 53 |
| 3.4.2 | ടെറസിംഗ്(തട്ട് തിരിക്കൽ) | 55 |
| 3.4.3 | മഴക്കുഴി നിർമ്മാണം | 57 |
| 3.4.4 | കിണർ റീചാർജ്ജിംഗ് | 59 |
| 3.4.5 | പാർശ്വഭിത്തി നിർമാണം | 61 |
| 3.4.6 | മണ്ണ് കയ്യാല | 62 |
| 3.4.7 | കല്ല് കയ്യാല | 63 |

| | | |
|---|---|---|
| 3.4.8 | മറ്റു പ്രവർത്തനങ്ങൾ | 65 |
| അധ്യായം IV | | |
| 4 | പദ്ധതി അവലോകനം | 66 |
| 4.1 | ജനസംഖ്യ | 66 |
| 4.2 | പദ്ധതി പ്രദേശങ്ങളിലെ ഭൂവിനിയോഗ രീതി | 67 |
| 4.3 | ജലസേചന സ്ഥിതി | 68 |
| 4.4 | ജലസേചന മാർഗം | 69 |
| 4.5 | ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ | 70 |
| 4.6 | ഹ്രസ്വകാല വിളകൾ | 71 |
| 4.7 | ദീർഘകാല വിളകൾ | 73 |
| 4.8 | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് വഴി ലഭിച്ച പുരോഗതി | 76 |
| 4.8.1 | ജലാംശത്തിന്റെ തോത് | 76 |
| 4.8.2 | തോടിന്റെ പാർശ്വസംരക്ഷണം | 76 |
| 4.8.3 | നീരൊഴുക്ക് | 77 |
| 4.8.4 | മണ്ണൊലിപ്പിന്റെ തോത് | 78 |
| 4.8.5 | കുളത്തിന്റെ പാർശ്വസംരക്ഷണം | 78 |
| 4.8.6 | കുളത്തിന്റെ ജലവിതാനം | 79 |
| 4.8.7 | കുളത്തിലെ ജലത്തിന്റെ കാർഷിക ഉപയോഗം | 80 |
| 4.8.8 | കിണറുകളുടെ എണ്ണം | 80 |
| 4.8.9 | കിണറിലെ ജലലഭ്യത | 81 |
| 4.8.10 | പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കളുടെ വിലയിരുത്തൽ | 82 |
| 4.8.11 | മണ്ണ് സംരക്ഷണത്തെപ്പറ്റി ഗുണഭോക്താവിന്റെ അഭിപ്രായം | 82 |
| 4.8.12 | പദ്ധതി പുരോഗതിയെക്കുറിച്ചുള്ള അഭിപ്രായം | 83 |
| 4.8.13 | കൃഷിനാശം | 84 |
| 4.8.14 | മണ്ണിടിച്ചിൽ പ്രദേശം | 85 |
| 4.8.15 | ശുദ്ധജല ക്ഷാമം | 85 |
| 4.8.16 | മണ്ണ് സംരക്ഷണ പദ്ധതിയെ സംബന്ധിച്ച അറിവ് | 86 |

| | | |
|---|---|---|
| 4.8.17 | പരിശീലനം | 87 |
| 4.8.18 | പാരിസ്ഥിതിക പ്രശ്നങ്ങൾ | 88 |
| 4.8.19 | ഗുണഭോക്താക്കളുടെ അനുബന്ധ വാർഷിക വരുമാനം | 90 |
| 4.9 | വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതു വഴി ലഭിച്ച പുരോഗതി | 92 |
| 4.9.1 | വെള്ളക്കെട്ട് പ്രതിവിധി | 92 |
| 4.9.2 | വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ശേഷം ഫലഭൂയിഷ്ഠതയിൽ ഉണ്ടായ വ്യത്യാസം | 92 |
| 4.9.3 | തോടുകളുടെ വീതിയും ആഴവും | 92 |
| 4.9.4 | യന്ത്ര സാമഗ്രികൾ/ഉത്പന്നങ്ങൾ കൊണ്ടുപോകുന്നതിനുള്ള സൗകര്യം | 93 |
| 4.9.5 | മണ്ണിലെ നീർവാർച്ച | 93 |
| 4.9.6 | വെള്ളക്കെട്ട് | 94 |
| 4.9.7 | ഉപ്പ് വെള്ളം/ഓര് വെള്ളം കയറുന്നത് സംബന്ധിച്ച് | 94 |
| 4.9.8 | പദ്ധതി നടപ്പിലാക്കിയത് മൂലമുള്ള ഗുണങ്ങൾ | 95 |
| 4.9.9 | കൃഷിയിടങ്ങളിൽ നിന്നും അധിക ജലം ഒഴുകിപോകാനുള്ള സൗകര്യം സംബന്ധിച്ച് | 95 |
| 4.9.10 | എക്കലും മറ്റ് അവശിഷ്ടങ്ങളും അടിഞ്ഞു കൂടുന്നത് സംബന്ധിച്ച് | 95 |
| | ഉപസംഹാരം | 98 |
| | അനുബന്ധം(ചോദ്യാവലി) | 100 |

## പ്രധാന വസ്തുതകൾ

- കേരളത്തിലെ 14 ജില്ലകളിലും മണ്ണ് സംരക്ഷണ വകുപ്പ് 2019-20 കാലയളവിൽ പൂർത്തീകരിച്ച വിവിധ പദ്ധതികളുടെ വിവരങ്ങളാണ് 2022-23 വർഷത്തെ മണ്ണ് സംരക്ഷണ പഠന സർവേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- പദ്ധതി പ്രദേശത്തെ മുഴുവൻ ഗുണഭോക്താക്കളെയും സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- 14 ജില്ലകളിലായി ടി സർവേയിൽ മൊത്തം 3097 ഗുണഭോക്താക്കളുണ്ട്. ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളത് ആലപ്പുഴ ജില്ലയിലും ഏറ്റവും കുറവ് ഗുണഭോക്താക്കളുള്ളത് തിരുവനന്തപുരം ജില്ലയിലുമാണ്
- 2022-23 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവേയിൽ RIDF പദ്ധതി മുഖേനയാണ് ഏറ്റവും കൂടുതൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്.
- കൂടുതൽ പ്രദേശങ്ങളിലും കോണ്ടൂർ ബണ്ടിംഗ്, ടെറസിംഗ്, കല്ല് കയ്യാല, മണ്ണ് കയ്യാല,പാർശ്വഭിത്തി നിർമാണം,മഴക്കുഴി നിർമാണം എന്നീ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.
- കോണ്ടൂർ ബണ്ടിംഗ് എകദേശം 191043.2 ച.മീ വിസ്തൃതിയിലും കല്ല് കയ്യാല 216396.42 ച.മീ വിസ്തൃതിയിലും മണ്ണ് കയ്യാല 96466.8 ച.മീ വിസ്തൃതിയിലും ടെറസിംഗ് 45553 ച.മീ വിസ്തൃതിയിലും നടപ്പാക്കിയിട്ടുണ്ട് കൂടാതെ 5760.9 മീറ്ററിൽ പാർശ്വഭിത്തിയും നിർമിച്ചിട്ടുണ്ട്.
- ഭൂരിഭാഗം ഹ്രസ്വകാലവിളകളുടെയും ദീർഘകാലവിളകളുടെയും വിസ്തൃതി വർദ്ധിച്ചതായി സർവേ സൂചിപ്പിയ്ക്കുന്നു.
- ജലലഭ്യത കിണറുകളിലും കുളങ്ങളിലും വർദ്ധിച്ചു.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ വഴി പദ്ധതി പ്രദേശത്തെ മണ്ണൊലിപ്പ് കുറയ്ക്കുവാനും ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിയ്ക്കുവാനും കഴിഞ്ഞു
- വെള്ളക്കെട്ട് നിവാരണ പദ്ധതി നടപ്പിലാക്കിയതിനു ശേഷം ആലപ്പുഴ, എറണാകുളം ജില്ലയിൽ വെള്ളക്കെട്ട് ഉണ്ടാകുന്നത് വളരെയധികം കുറഞ്ഞു. പദ്ധതിക്ക് ശേഷം മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിച്ചതായും കൃഷി നാശം കുറഞ്ഞതായും സർവേ സൂചിപ്പിക്കുന്നു.

## അദ്ധ്യായം l

## മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ

### 1.1. ആമുഖം

മണ്ണിന്റെ മുകളിലെ പാളി മണ്ണൊലിപ്പിൽ നിന്ന് നഷ്ടപ്പെടുന്നത് തടയുകയോ, അമിതമായ ഉപയോഗം, അസിഡിഫിക്കേഷൻ, ലവണാംശം അല്ലെങ്കിൽ മറ്റ് രാസവസ്തുക്കൾ മുഖേനയുള്ള മണ്ണിന്റെ മലിനീകരണം എന്നിവ മൂലമുണ്ടാകുന്ന ഫലഭൂയിഷ്ഠത കുറയുന്നത് തടയുകയോ ചെയ്യുന്നതാണ് മണ്ണ് സംരക്ഷണം .

വികസിതമല്ലാത്ത ചില പ്രദേശങ്ങളിൽ കർഷകർ പതിവായി കൃഷിയോഗ്യമായ സ്ഥലത്ത് നിന്ന് മറ്റൊന്നിലേക്ക് മാറുന്ന സമ്പ്രദായം (സ്ലാഷ് ആൻഡ് ബേൺ), മറ്റ് സുസ്ഥിരമല്ലാത്ത ഉപജീവനമാർഗങ്ങൾ എന്നിവ പ്രയോഗിക്കുന്നു. വന നശീകരണത്തിന്റെ അനന്തരഫലം സാധാരണയായി വലിയ തോതിലുള്ള മണ്ണൊലിപ്പ്, മണ്ണിന്റെ പോഷകങ്ങളുടെ നഷ്ടം, ചിലപ്പോൾ സമ്പൂർണ മരുഭൂകരണം എന്നിവയ്ക്ക് കാരണമാകുന്നു. മെച്ചപ്പെട്ട മണ്ണ് സംരക്ഷണത്തിനുള്ള സാങ്കേതിക വിദ്യകളിൽ തുടർച്ചയായ സീസണുകളിൽ ഒരേ പ്രദേശത്ത് വ്യത്യസ്ത വിളകൾ വളർത്തുന്നത് (വിള ഭ്രമണം), കവർ വിളകൾ, സംരക്ഷണ കൃഷി, നട്ടുപിടിപ്പിച്ച കാറ്റ് തടസ്സങ്ങൾ എന്നിവ ഉൾപ്പെടുന്നു, ഇത് മണ്ണൊലിപ്പിനെയും ഫലഭൂയിഷ്ഠതയെയും സ്വാധീനിക്കുന്നു. ചെടികൾ നശിക്കുമ്പോൾ അവ നശിക്കുകയും മണ്ണിന്റെ ഭാഗമായി മാറുകയും ചെയ്യുന്നു. സഹസ്രാബ്ദങ്ങളായി കർഷകർ മണ്ണ് സംരക്ഷണം ശീലമാക്കിയിട്ടുണ്ട്. മണ്ണൊലിപ്പ് പ്രശ്നം പരിഹരിക്കാൻ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രവർത്തനം കൂടുതൽ ആവശ്യമാണ്.

മനുഷ്യരുടെ വിവേചനമില്ലാത്ത പ്രകൃതി ചൂഷണം മണ്ണിന്റെ സ്വാഭാവികതയെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് വർഷങ്ങളിലൂടെ പ്രകൃതിയൊരുക്കിയ വളക്കൂറുള്ള മേൽമണ്ണിന്റെ ഘടനതന്നെ മാറിക്കൊണ്ടിരിക്കുകയാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഭൂമിയിലെ വിഭവങ്ങളിൽ പകുതിയിലധികവും മനുഷ്യന്റെ നിയന്ത്രണമില്ലാത്ത ഇടപെടലിനെ തുടർന്ന് നഷ്ടമാകുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് മണ്ണിന്റെ അന്താരാഷ്ട്ര വർഷമായി '2015' ആചരിക്കാൻ ഐക്യരാഷ്ട്ര ജനറൽ അസംബ്ലി ആഹ്വാനം ചെയ്തത്. കാലാവസ്ഥാ വ്യതിയാനവും വനശീകരണവും മലിനീകരണവും അമിതമായ നഗരവൽക്കരണവും കാരണം മണ്ണിന്റെ ഫലഭൂയിഷ്ഠത നശിക്കുകയാണ്. ഇതാകട്ടെ കൃഷിയെ മാത്രമല്ല കൃഷി അടിസ്ഥാനമായ ആവാസ വ്യവസ്ഥയേയും ജല ലഭ്യതയേയും ഇല്ലാതാക്കുകയാണ്. മനുഷ്യന്റെ നില നിൽപ്പിന് മണ്ണിന്റെ സമൃദ്ധി കൂടിയേ തീരൂ.

മണ്ണിന്റെ മേന്മ നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നതിനാണ് അന്താരാഷ്ട്ര മണ്ണ് വർഷം ആചരിക്കുന്നത്. മണ്ണിനെ ചൂഷണം ചെയ്യുന്നതു തടയാനും മണ്ണിന്റെ സമൃദ്ധി നിലനിർത്താനും വൈവിധ്യമാർന്ന കൃഷിസമ്പ്രദായത്തിലേക്ക് തിരിച്ചുപോകേണ്ടതുണ്ട്. മണ്ണിന്റെ വളക്കൂറ് നിലനിർത്താൻ, വരൾച്ച ഒഴിവാക്കാൻ പ്രളയം തടയാൻ, കാലാവസ്ഥാ മാറ്റം ചെറുക്കാൻ, വെള്ളം സംരക്ഷിച്ചു നിർത്താൻ വിളകൾ വളർത്താൻ,നമുക്ക് മണ്ണിനെ സംരക്ഷിക്കാം. ആരോഗ്യമുള്ള ജീവിതത്തിന് ആരോഗ്യമുള്ള മണ്ണു വേണം കോടാനു കോടി വർഷങ്ങൾ കൊണ്ട് പ്രകൃതി സൃഷ്ടിച്ചെടുത്ത മണ്ണിനെ മാറ്റിമറിച്ചിരിക്കുന്നു.

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് മണ്ണെന്ന് എല്ലാവരും തിരിച്ചറിയണം. കൃഷിയുടെ അടിസ്ഥാന ഘടകവും സസ്യങ്ങളുടെയും മറ്റു ജീവജാലങ്ങളുടെയും ആവാസകേന്ദ്രവുമാണ് മണ്ണ്. മണ്ണ് നന്നായാലേ മികച്ച വിളവ് ലഭിക്കുകയും, അതുവഴി മാത്രമേ ഭക്ഷ്യ സുരക്ഷ കൈവരിക്കാൻ കഴിയുകയുള്ളൂ. ആഹാരത്തിന് പുറമേ ജലം, ഊർജം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയെല്ലാം പ്രദാനം ചെയ്യുന്നതും ഭൂമിയിൽ ജൈവവൈവിധ്യം നിലനിർത്തുന്നതും മണ്ണാണ്.

അതിസൂക്ഷ്മവും ചെറുതും വലുതുമായ ധാരാളം ജീവജാലങ്ങളുടെ വാസകേന്ദ്രമാണ് മണ്ണ്. ഇവയെ വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ ഫൗന, മെസോഫൗന, മാക്രോ ഫൗന എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. 0.2 മി. മീറ്ററിലും താഴെ വലുപ്പമുള്ളവയാണ് സൂക്ഷ്മവിഭാഗത്തിൽപ്പെട്ടവ. സാധാരണഗതിയിൽ നഗ്ന നേത്രങ്ങൾക്കൊണ്ട് കാണാൻ കഴിയാത്തവയാണ് ഇവ. വ്യത്യസ്ത വർഗ്ഗത്തിൽപ്പെട്ട സൂക്ഷ്മാണു ജീവികളായ ആൽഗെ, ബാക്ടീരിയ, വൈറസ്, ഫംഗസ്, പ്രോട്ടോസോവ എന്നിവയുടെയെല്ലാം വിളനിലമാണ് മണ്ണ്. ആരോഗ്യകരമായ, ജീവസുറ്റ മണ്ണിന്റെ നിലനിൽപ്പിന് സൂക്ഷ്മജീവികളുടെ പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. ഉറുമ്പുകൾ, പ്രാണികൾ, വണ്ടുകൾ, പുഴുക്കൾ, മണ്ണിരകൾ, തേരട്ടകൾ, ഷഡ്പദങ്ങൾ, എട്ടുകാലികൾ, തവള, ഉരഗങ്ങൾ, എലി, അണ്ണാൻ, മുയൽ, പക്ഷികൾ മുതലായവയും സസ്യജാലങ്ങളും മണ്ണിനെ ചൈതന്യവത്താക്കുന്നു. മണ്ണിലെ ഭക്ഷ്യ ശൃംഖലയെ ഉൽപാദകർ,ഉപഭോക്താക്കൾ, വിഘാടകർ എന്നിങ്ങനെ തരംതിരിക്കാം

**1.2 മണ്ണ് പലതരം**

മണ്ണിന്റെ നിറം, ഘടന തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മണ്ണിനങ്ങളെ പഠന സൗകര്യത്തിനായി തരംതിരിച്ചിട്ടുണ്ട്.




കേരളത്തിലെ മണ്ണിനെ രാസ, ഭൗതിക സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായി തരം തിരിച്ചിരിക്കുന്നു.

വർഷപാതത്തിന്റെ വ്യതിയാനങ്ങൾ, താപനിലയും ഇടവിട്ടുള്ള ഈർപ്പവും വരണ്ടതുമായ അവസ്ഥകളും പ്രത്യേകിച്ച് പടിഞ്ഞാറൻ തീരപ്രദേശം തൊട്ട് കിഴക്കൻ മലനിരകൾ വരെയും വേഗത്തിലൊഴുകുന്ന പുഴകളും എല്ലാം കേരളത്തിന്റെ വിവിധങ്ങളായ സ്വാഭാവിക സസ്യജാലങ്ങളുടേയും വിവിധ തരം മണ്ണുകളേയും സ്വാധീനിക്കുന്നു. പൊതുവായ വർഗ്ഗീകരണത്തിൽ കേരളത്തിൽ പ്രധാനമായും എട്ടുതരം മണ്ണിനങ്ങളാണ് കണ്ടുവരുന്നത്. തീരദേശമണ്ണ്, എക്കൽമണ്ണ്, കരിമണ്ണ്, വെട്ടുകൽ മണ്ണ്, ചെമ്മണ്ണ്, മലയോര മണ്ണ്, കറുത്ത പരുത്തി മണ്ണ്, വനമണ്ണ് എന്നിവയാണ്. കേരളത്തിൽ കണ്ടുവരുന്ന ഏതാണ്ട് 82 തരം മണ്ണിനങ്ങൾ, തിരുവനന്തപുരത്തെ പാറോട്ടുകോണത്തുള്ള കേന്ദ്ര മണ്ണ് അനലിറ്റിക്കൽ പരീക്ഷണശാലയിൽ സ്ഥിതി ചെയ്യുന്ന കേരള മണ്ണ് മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

**തീരദേശ മണ്ണ്**

കേരളത്തിന്റെ പടിഞ്ഞാറൻ സമുദ്രതീരത്തും അതിനോട് ചേർന്ന് കിടക്കുന്ന സമതലപ്രദേശത്തും കണ്ടുവരുന്ന മണ്ണാണ് തീരദേശ മണ്ണ് (Coastal alluvium). മഞ്ഞകലർന്ന തവിട്ടുനിറമുള്ള ഈ മണ്ണിൽ 80 ശതമാനത്തിനുമുകളിൽ മണലിന്റെ അംശമായതുകൊണ്ട് ഫലഭൂയിഷ്ഠത കുറവാണ്. ഉയർന്ന ജലനിരപ്പ് മണ്ണിന്റെ പ്രത്യേകതയാണെങ്കിലും ഈർപ്പം നിലനിർത്താനുള്ള കഴിവ് വളരെ കുറവാണ്. സസ്യാഹാര മൂലകങ്ങളും വളരെ കുറവായതുകൊണ്ട് ഈ മണ്ണിൽ ജൈവവളങ്ങളും ജൈവപദാർത്ഥങ്ങളും വലരെയധികം ചേർത്താലെ കൃഷിയോഗ്യമാക്കാനാകൂ.

**എക്കൽ മണ്ണ്**

പുഴയോരത്തും അതിനോട് ബന്ധപ്പെട്ട സമതലപ്രദേശത്തും കണ്ടുവരുന്ന മണ്ണാണ് എക്കൽമണ്ണ് (Alluvial Soil). താരതമ്യേന ജൈവാംശം കൂടിയ മണ്ണാണ്. രാസ ഭൗതിക സ്വഭാവങ്ങളിൽ പ്രാദേശികമായി വ്യത്യാസം കാണിക്കുന്നു. ഫലപുഷ്ടിയുള്ള ഈയിനം മണ്ണിലാണ് കൃഷി നന്നായി നടക്കുന്നത്. മഴക്കാലത്ത് വെള്ളപ്പൊക്കഭീഷണിയുള്ള

ഈയിനം മണ്ണിന് നീർവാർച്ച കുറവാണ്. പുഴയോട് ചേർന്നുള്ള പ്രദേശങ്ങളിലായതിനാൽ മണ്ണൊലിച്ചുപോകുന്നതിനുള്ള സാധ്യതയുണ്ട്.

**കരിമണ്ണ്**

ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ സമുദ്രനിരപ്പിനു താഴെയുള്ള ചതുപ്പുകളിൽ കാണപ്പെടുന്ന മണ്ണിനമാണ് കരിമണ്ണ് (Kari/Black Soil). മണൽ കലർന്ന കളി മണ്ണാണിത്. വളരെ നീർവാർച്ച കുറഞ്ഞ ഈയിനം മണ്ണിന് അമ്ലത കൂടുതലാണ്. ഇരുമ്പിന്റേയും അലുമിനിയത്തിന്റേയും മറ്റ് ലവണങ്ങളുടേയും അളവ് അധികമാണ്. വർഷകാലങ്ങളിൽ ഭൂരിഭാഗം സമയവും വെള്ളം കൊണ്ട് മൂടിക്കിടക്കുന്നു. ഫോസ്ഫറസ്, കാൽസ്യം എന്നിവയുടെ അഭാവമുണ്ട്. കുട്ടനാട്-കോൾ നെൽപ്പാടങ്ങളിൽ ഈയിനം മണ്ണാണ്.

**വെട്ടുകൽ മണ്ണ്**

20 മുതൽ 100 മീറ്റർ വരെ ഉയരമുള്ള ഇടനാട്ടിൽ കാണപ്പെടുന്ന ഒരിനം മണ്ണാണ് വെട്ടുകൽ മണ്ണ് (Laterite Soil). മഞ്ഞ കലർന്ന തവിട്ടുനിറം മുതൽ ചുവപ്പുകലർന്ന തവിട്ടുനിറം വരെ കാണപ്പെടുന്നു. മറ്റുമണ്ണിനങ്ങളെ അപേക്ഷിച്ച് താഴ്ച കുറവാണ്. അമ്ലത്വം 5 മുതൽ 6.2 pH.

**ചെമ്മണ്ണ്**

കേരളത്തിലെ തെക്കൻ പ്രദേശങ്ങളിൽ തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിൽ കാണപ്പെടുന്ന മണ്ണിനമാണ് ചെമ്മണ്ണ് (Red Soil). മണൽ കലർന്ന പശിമരാശി മണ്ണാണ്. സസ്യാഹാര മൂലകങ്ങളുടെ അളവ് മണ്ണിൽ കുറവാണ്. അമ്ല സ്വഭാവമുള്ള മണ്ണിന് കുറഞ്ഞ ഫലഭൂയിഷ്ഠതയാണ്.

**മലയോര മണ്ണ്**

ചരിവുകൂടിയ മലകളിൽ കണ്ടുവരുന്ന ഒരിനം മണ്ണാണ് മലയോരമണ്ണ് (Hill soil). ചരലിന്റെ അംശം വെട്ടുകൽമണ്ണിനെ അപേക്ഷിച്ച് കുറവാണ്. ഉരുളൻ കല്ലുകളും കാണപ്പെടുന്നു. നിറം കടുത്ത തവിട്ടുനിറം മുതൽ മഞ്ഞ കലർന്ന തവിട്ടുനിറം വരെ. വെട്ടുകൽ മണ്ണിനെക്കാളും അമ്ലസ്വഭാവം കുറവ്. വെട്ടുകൽ മണ്ണിനെ അപേക്ഷിച്ച് ഫലപുഷ്ടിയുള്ള മണ്ണാണെങ്കിലും താഴ്ന്ന ജലനിരപ്പും മണ്ണൊലിപ്പും പരിമിതികളാണ്.

**കറുത്ത പരുത്തി മണ്ണ്**

കേരളത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലും അതേ നിരപ്പുള്ള കിഴക്കൻ പ്രദേശങ്ങളിലും കണ്ടുവരുന്ന ഒരിനം മണ്ണാണ് കറുത്തപരുത്തി മണ്ണ് (Black cotton soil). കാതര മണ്ണ് എന്നും ഇതിനെ വിളിക്കുന്നു. കടുപ്പമേറിയ കറുപ്പുനിറമാണ്. പൊട്ടാസ്യത്തിന്റെയും കാൽസ്യത്തിന്റേയും സാന്നിദ്ധ്യമുള്ള മണ്ണിന് മിക്കവാറും ക്ഷാരഗുണമാണ് (6.8–7.8pH). ജൈവാംശം കുറഞ്ഞ മണ്ണിനമായതിനാൽ ഫലപുഷ്ടി കുറവും, വരണ്ട കാലാവസ്ഥയിൽ വിണ്ട് കീറി വിള്ളലും ഉണ്ടാക്കുന്നു.ഈ ഇനം മണ്ണിൽ നൈട്രജനും ഫോസ്ഫറസും താരതമ്യേന കുറവാണ്.

**വനമണ്ണ്**

കേരളത്തിലെ വനപ്രദേശങ്ങളിൽ കണ്ടുവരുന്നയിനം മണ്ണാണ് വനമണ്ണ് (Forest soil). നല്ല ഫലപുഷ്ടിയുള്ള ആഴവും നീർവാർച്ചയുമുള്ള മണ്ണാണിത്.

**1.3 ചില പ്രത്യേക കൃഷിരീതികൾ**

- **ഹൈഡ്രോപോണിക്സ്** (Hydroponics) :–മണ്ണില്ലാതെ ചെടിക്കാവശ്യമായ മൂലകങ്ങളും പോഷകങ്ങളും കലർത്തിയ ജലം ഉപയോഗിച്ച് കൃഷിചെയ്യുന്ന രീതി.
- **എയ്റോ പോണിക്സ്** (Aeroponics):–മണ്ണിന് പകരം വായുവിലൂടെ നേരിട്ട് ആവശ്യമായ പോഷകഘടകങ്ങൾ ചെടികൾക്ക് നൽകി വളർത്തുന്നു.

**1.4 മണ്ണുമായി ബന്ധപ്പെട്ട ചില ശാസ്ത്ര ശാഖകൾ**

- **പെഡോളജി** (Pedology) :– മണ്ണ് രൂപീകരണം,വർഗ്ഗീകരണം,ഭൗതികവും രാസപരവും ജൈവികവുമായ സവിശേഷതകൾ, ഫലപുഷ്ടി തുടങ്ങിയവയെ കുറിച്ച് പഠനം നടത്തുന്ന ശാസ്ത്രശാഖ.
- **എഡഫോളജി** (Edaphology) :– സസ്യങ്ങളിലുള്ള മണ്ണിന്റെ സ്വാധീനത്തെകുറിച്ചുള്ള ശാസ്ത്രശാഖ.

**1.5 മണ്ണ്, ജല സംരക്ഷണത്തിന്റെ ആവശ്യകത**

മണ്ണും ജലവും ജൈവസമ്പത്തും അടങ്ങുന്ന പ്രകൃതി വിഭവത്രയത്തിന്റെ വികസനമാണ് ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനു അടിസ്ഥാനം . പ്രകൃതി വിഭവങ്ങളുടെ സന്തുലിതവും ശാസ്ത്രീയവുമായ പരിപാലനവും വിനിയോഗവും സുസ്ഥിരമായ കാർഷിക വികസനത്തിന് അനിവാര്യമാണ്.

രണ്ടു കാലവർഷങ്ങളാൽ അനുഗ്രഹീതമായ നമ്മുടെ സംസ്ഥാനം മഴക്കാലം കഴിഞ്ഞാൽ കടുത്ത വരൾച്ചയുടെ പിടിയിൽ അമരുന്നു . രൂക്ഷമായ മണ്ണൊലിപ്പ് മൂലം

ഉത്പാദന ക്ഷമമായ മേൽമണ്ണ് നശിക്കുകയും സസ്യങ്ങൾക്കു ആവശ്യമായ പോഷകങ്ങൾ നഷ്ടപ്പെടുകയും കാർഷിക ഉത്പാദനം കുറയുകയും ചെയ്യുന്നു. ജലസംഭരണികളിലും നദീ മുഖങ്ങളിലും മണ്ണടിയുകയും മഴവെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങാതെ ഭൂജല ലഭ്യത കുറയുകയും ചെയ്യുന്നു.

### 1.6 നീർത്തട പരിപാലനം (Watershed Management)

പ്രകൃതി വിഭവ സംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായ മാതൃക നീർത്തടാധിഷ്ഠിതമായപരിപാലനം ആണെന്ന് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മഴവെള്ളം ഒട്ടും നഷ്ടപ്പെടുത്താതെ മണ്ണിൽ പിടിച്ചു വെയ്ക്കാനും മണ്ണും ജൈവ വൈവിധ്യവും സംരക്ഷിക്കാനും നീർത്തടാധിഷ്ഠിത മണ്ണ് – ജല പരിപാലനം മാത്രമാണ് പോംവഴി. നീർത്തട വികസന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങൾ കൃഷി ഭൂമികളിലെ ജല സംരക്ഷണ പ്രവർത്തനങ്ങൾ, സംരക്ഷണ കൃഷി മുറകൾ, നീർച്ചാൽ സംരക്ഷണ മാർഗങ്ങൾ , മഴവെള്ള സംഭരണം എന്നിവയാണ്.

### 1.7 കൃഷി ഭൂമികളിലെ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ

മഴക്കാലത്ത് കിട്ടുന്ന ജലം വേനൽക്കാലത്തേക്ക് ശേഖരിച്ചു വയ്ക്കുന്നതിനു ഏറ്റവും ഉത്തമമായ സംഭരണി മണ്ണ് തന്നെയാണ്. ഭൂമിയുടെ ചരിവും മണ്ണിന്റെ സ്വഭാവവുമനുസരിച്ചു ഉൾക്കൊള്ളാവുന്നത്ര മഴവെള്ളം വീഴുന്നിടത്ത് തന്നെ സംഭരിക്കുക എന്നതാണ് ലക്ഷ്യം. കൃഷി ഭൂമികളിലെ പ്രധാന മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു

#### 1. കയ്യാലകൾ/ ബണ്ടുകൾ



മിതമായ ചരിവുള്ള പ്രദേശത്ത് അവലംബിക്കാവുന്ന ഉത്തമമായ മണ്ണ് സംരക്ഷണ മാർഗമാണിത്. കോണ്ടൂർ രേഖയിലൂടെ മണ്ണ് കൊണ്ട് ബണ്ട് നിർമിക്കാവുന്നതാണ്. ഈ ബണ്ടുകളെ തീറ്റപ്പുല്ല് നട്ടു ബലപ്പെടുത്താവുന്നതാണ്

#### 2. കല്ല് കയ്യാലകൾ



താരതമ്യേന ചരിവ് കൂടിയ പ്രദേശത്ത് സമോച്ചരേഖയിലൂടെ കല്ലടുക്കി മണ്ണിട്ട് ബലപ്പെടുത്തുന്നതാണ് കല്ല് കയ്യാലകൾ . മഴവെള്ളത്തെ തടഞ്ഞു നിർത്തി മണ്ണിലേക്ക് ഇറക്കാം . ബണ്ടുകൾക്ക് മുകളിൽ തീറ്റപ്പുല്ല് , പൈനാപ്പിൾ

എന്നിവ വളർത്തി കൂടുതൽ ബലപ്പെടുത്താം.

**3. വേദികകൾ/ തട്ടുതിരിക്കൽ**



ചരിവുള്ള ഭൂമിയെ നിരപ്പുള്ള നിരവധി തട്ടുകളാക്കി കൃഷി ചെയ്യാൻ പാകപ്പെടുത്തിയെടുക്കുന്ന രീതിയാണിത് . വേദികകളിൽ ജലം തങ്ങി നിന്ന് മണ്ണിലേക്ക് ഊർന്നിറങ്ങുന്നു . വേദികകളുടെ ആയുസ് കൂട്ടുന്നതിനു അനുയോജ്യമായ വിളകളും കൃഷി രീതികളും തെരഞ്ഞെടുക്കേണ്ടത് ആവശ്യമാണ്.

**4. കോണ്ടൂർ ട്രെഞ്ചുകൾ**



കോണ്ടൂർ രേഖയിലൂടെ ചാലുകൾ കീറി ആ മണ്ണ് കൊണ്ട് ചാലിന് താഴെ ബണ്ട് പിടിപ്പിച്ചു വേണം ഇവ നിർമ്മിക്കുവാൻ. ബണ്ടിനു മുകളിൽ പുല്ല് വെച്ച് പിടിപ്പിക്കാവുന്നതുമാണ്. മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുള്ള ചരിവ് കൂടിയ പ്രദേശങ്ങളിൽ ഇവ ഒഴിവാക്കേണ്ടതാണ്.

**5. മഴക്കുഴികൾ**



ചരിവിനു കുറുകെ കോണ്ടൂർ രേഖയിൽ നിശ്ചിത അകലത്തിൽ കുഴികൾ നിർമിച്ച് കൃഷിയിടത്തിലെ മണ്ണും ജലവും ഒഴുകി നഷ്ടപ്പെടാതെ സംരക്ഷിക്കാം. ഇവയിൽ നിറഞ്ഞു ജലം സാവധാനം മണ്ണിലേക്കിറങ്ങുന്നു.

**6. വൃക്ഷത്തടങ്ങൾ**



വൃക്ഷത്തലപ്പുകളിൽ വീഴുന്ന മഴവെള്ളം അതതു വൃക്ഷങ്ങളുടെ ചുവട്ടിൽ അനുയോജ്യമായ വലിപ്പത്തിൽ തയ്യാറാക്കിയ തടങ്ങളിൽ തന്നെ സംഭരിച്ചു സാവധാനം മണ്ണിലേക്ക് ഇറക്കാം.

**7. സസ്യ പ്രബലനങ്ങളോടു കൂടിയ മൺതിടിലുകൾ**



ചെറിയ ചരിവുകളിൽ നിശ്ചിത കോണ്ടൂർ രേഖയിലൂടെ മൺതിടിലുകൾ ഉണ്ടാക്കുകയും അവയ്ക്ക് മീതെ തീറ്റപ്പുല്ലോ , കുറ്റിച്ചെടികളോ വച്ച് പിടിപ്പിക്കുകയും ചെയ്യുന്ന രീതിയാണിത്. സസ്യങ്ങളുടെ വേരിറങ്ങി മൺതിടിലുകൾ

ബലപ്പെടുകയും ചെയ്യും .

8. പുൽവരമ്പുകൾ / തിരണകൾ



ചരിവിനു കുറുകെ കോണ്ടൂർ രേഖകളിൽ തീറ്റപ്പുല്ല് കൊണ്ട് തിരണകൾ ഉണ്ടാക്കുന്ന രീതിയാണിത്. രാമച്ചവും ഫലപ്രദമാണ്. പടരുന്ന വേരുള്ള പുൽച്ചെടികളാണ് അഭികാമ്യം.

9. ചെറു കുളങ്ങൾ



പുരയിടത്തിൽ നിന്നും വെള്ളം ഒഴുകി പോകുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിനു മുമ്പായി ചെറു കുളങ്ങൾ നിർമ്മിച്ച് ജലവും അതിനൊപ്പം ഒഴുകിപോകുന്ന മണ്ണും തടഞ്ഞു നിർത്താം. വശങ്ങൾ പുല്ല് വച്ച് ബലപ്പെടുത്താവുന്നതാണ്

1.8 സംരക്ഷണ കൃഷി മുറകൾ

ശാസ്ത്രീയമായ കൃഷി രീതികളിലൂടെ പുരയിടത്തിൽ നിന്നും മഴ വെള്ളം ഒഴുകി നഷ്ടപ്പെടാതെ സാവധാനം മണ്ണിലേക്ക് താഴ്ത്താം. പ്രധാനപ്പെട്ട സംരക്ഷണ കൃഷി മുറകൾ താഴെ ചേർക്കുന്നു

1. കോണ്ടൂർ കൃഷി



ഭൂമിയുടെ ചരിവിനു കുറുകെ കോണ്ടൂർ വരമ്പിന് സമാന്തരമായി കൃഷി ചെയ്യുന്നതിനെ കോണ്ടൂർ കൃഷി എന്ന് പറയുന്നു. മഴ വെള്ളം പിടിച്ചു നിർത്തുകയും ജലം മണ്ണിലേക്ക് ഊർന്നിറങ്ങി മണ്ണൊലിപ്പ് കുറയ്ക്കുകയും ഭൂമി കൂടുതൽ കൃഷി യോഗ്യമാക്കുകയും ചെയ്യുന്നു.

2. ബഹുതല കൃഷി



ഉയരം കൂടിയതും കുറഞ്ഞതുമായ സസ്യങ്ങൾ നിശ്ചിത രീതിയിൽ കൃഷി ചെയ്യുന്ന സമ്പ്രദായമാണിത്. സസ്യങ്ങൾ തമ്മിൽ സൂര്യ പ്രകാശത്തിനോ വായുവിനോ വെള്ളത്തിനോ പോഷകങ്ങൾക്കോ വേണ്ടിയുള്ള മത്സരം ഉണ്ടാകുന്നില്ല, മാത്രമല്ല രോഗ-കീടാക്രമണം കുറയ്ക്കുകയും പരിപാലനം താരതമ്യേന എളുപ്പമാവുകയും ചെയ്യുന്നു.

### 3.ഇടവരിക്കൃഷി



മണ്ണൊലിപ്പ് തടയുന്ന വിളകളും, മണ്ണിളക്കൽ ആവശ്യമുള്ള വിളകളും ഒന്നിടവിട്ടുള്ള വരികളിൽ കൃഷി ചെയ്യുന്ന സമ്പ്രദായമാണ് ഇടവരിക്കൃഷി. താരതമ്യേന ചരിവ് കുറഞ്ഞ പ്രദേശത്താണ് ഈ മാർഗ്ഗം ഫലപ്രദം.

### 4. സമ്മിശ്ര കൃഷി



പ്രകൃതി വിഭവ സംരക്ഷണത്തിനും കർഷകന്റെ വരുമാനം വർധിപ്പിക്കാനും ഉതകുന്ന കൃഷി രീതിയാണിത്. ആഴത്തിൽ വേരുകളുള്ള വിളകളോടൊപ്പം ഉപരിതലത്തിൽ വ്യാപിക്കുന്ന വേരുകളുള്ള വിളകൾ ഒരുമിച്ചു കൃഷി ചെയ്യാം.

### 5. ഇടവിള കൃഷി



തെങ്ങിൻ തോപ്പുകളിലും മറ്റും വിളകൾക്കിടയിൽ ധാരാളം സ്ഥലം ലഭിക്കുന്നു . സൂര്യ പ്രകാശവും മണ്ണിലെ ഈർപ്പവും ഉപയുക്തമാക്കി വിവിധ തരത്തിലുള്ള വിളകൾ കൃഷി ചെയ്യാവുന്നതാണ് . മണ്ണിൽ കൂടുതൽ ആവരണം സൃഷ്ടിക്കുന്നതോടൊപ്പം കർഷകന്റെ വരുമാനവും വർധിക്കുന്നു.

### 6. പുതയിടൽ



കൃഷി ഭൂമിയിലെ ചപ്പു ചവറുകൾ, പച്ചില വളച്ചെടികൾ എന്നിവ ഇട്ടു മണ്ണിനു ആവരണം സൃഷ്ടിക്കുന്നതാണ് പുതയിടൽ. മണ്ണിലെ ജലാംശം നിലനിർത്തുകയും ജീർണ്ണിക്കുമ്പോൾ ജൈവാംശമായി മാറുകയും ചെയ്യുന്നു. അങ്ങനെ മണ്ണിലെ ജൈവ ഘടകങ്ങളും സൂക്ഷ്മ ജീവികളും വർധിച്ചു മണ്ണിനെ ഫല സംപുഷ്ടമാക്കുന്നു

### 7. വിള പരിവർത്തനം



ഒരേ സ്ഥലത്ത് ഓരോ പ്രാവശ്യവും വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്നത് മണ്ണിൻറെ ജലാഗീരണ ശേഷിയും വിഭവ സംരക്ഷണ ശേഷിയും വർധിപ്പിക്കുകയും രോഗ-

കീടാക്രമണങ്ങൾ കുറയ്ക്കുകയും ചെയ്യും. വ്യതസ്ത കുടുംബത്തിൽപ്പെട്ട വിളകൾ കൃഷി ചെയ്യുന്നതാണ് ഉചിതം .

ഉദാ-പയർ, നെല്ല്, പച്ചക്കറി.

### 8. പുൽകൃഷി



പുൽകൃഷി ചെലവു കുറഞ്ഞ ഒരു മണ്ണ് സംരക്ഷണ മാർഗമാണ്. മണ്ണിന്റെ ജലാഗീകരണ ശേഷി വർധിപ്പിക്കുമെന്ന് മാത്രമല്ല മൺതരികളെ കൂട്ടി യോജിപ്പിച്ച് വേരുപടലങ്ങൾ മണ്ണൊലിപ്പ് തടയുന്നു. തീറ്റപ്പുല്ല് വച്ചു പിടിപ്പിച്ചാൽ കാലിത്തീറ്റയായി കൂടി ഉപയോഗിക്കാം

### 9. ആവരണ വിളകൾ



തോട്ടങ്ങളിൽ ആവരണ വിളകൾ വളർത്തിയാൽ മഴത്തുള്ളികൾ നേരിട്ട് മണ്ണിൽ പതിച്ച് മണ്ണൊലിപ്പ് ഉണ്ടാകുന്നതു തടയാം. വിവിധ തരം പയർ വർഗ്ഗത്തിൽപ്പെട്ട ചെടികളാണ് ഉപയോഗിക്കുന്നത് . ഇത് കർഷകന് അധിക വരുമാനം നേടികൊടുക്കുകയും മണ്ണിലെ നൈട്രജന്റെ അളവ് വർധിപ്പിക്കുകയും ചെയ്യുന്നു.

### 10. ജൈവവേലികൾ



ചരിവുകൾക്ക് കുറുകെ സസ്യങ്ങൾ വേലി പോലെ നിരയായി വച്ച് പിടിപ്പിക്കുന്നതാണ് ജൈവവേലികൾ. ശീമക്കൊന്ന, സുബാബുൾ, മുരിങ്ങ, ഔഷധ സസ്യങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കാം. പച്ചിലവളമായും കാലിത്തീറ്റയായും, പുതയിടാനും മറ്റും ഇവ ഉപയോഗിക്കാമെന്നു മാത്രമല്ല, കർഷകന് വരുമാന മാർഗവുമാണ്.

### 11. തരിശ് നിരയിടൽ



ചരിവിനെതിരെ ഇടയ്ക്കിടെ കുറച്ചു സ്ഥലം കൃഷി ചെയ്യാതിരിക്കുക എന്ന രീതിയാണിത്. കൃഷി ചെയ്യാതെ

തരിശിടുന്ന ഭാഗത്ത് പുല്ലും മറ്റും യഥേഷ്ടം വളരാൻ അനുവദിക്കണം. ഇത് മണ്ണിന്റെ ഫലഭൂയിഷ്ടത വർധിപ്പിക്കുന്നതിനു കാരണമാകും. കൃഷി ചെയ്യുന്ന ഭാഗത്ത് നിന്നും ഇളകിയ മണ്ണ് ഒലിച്ചു പോകാതെ ഈ സ്ഥലത്ത് നിക്ഷേപിക്കപ്പെടുന്നു.

### 12. സീറോ ടില്ലേജ്



വിളവെടുപ്പിനു ശേഷം ബാക്കി നിൽക്കുന്ന സസ്യാവശിഷ്ടങ്ങൾ നിലനിർത്തി, മണ്ണിളക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാതെ വിത്തിടുന്ന ഒരു സമ്പ്രദായമാണിത്. മണ്ണിലെ ജലാംശം സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയാനും ഇത് സഹായിക്കും.

### 13. കാർഷിക വനവത്കരണം



അനുയോജ്യമായ ഇനം വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക വഴി മണ്ണിനെ ഉറപ്പിച്ചു സംരക്ഷിക്കുവാൻ കഴിയും. അധിക വരുമാനവും ലഭിക്കും. വിവിധ ഗുണങ്ങളുള്ളതും വിളകളെ പ്രതികൂലമായി ബാധിക്കാത്തതുമായ വൃക്ഷങ്ങൾ ഇതിനായി തിരഞ്ഞെടുക്കണം

## 1.9 നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ

നീരൊഴുക്കിന്റെ വേഗത കുറച്ചു മണ്ണിടിച്ചിൽ കുറയ്ക്കാനും, പാർശ്വങ്ങളുടെ ശോഷണം തടയാനും നീർച്ചാലുകളിൽ നടത്തുന്ന സംരക്ഷണ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാണ്

### തടയണകൾ (ചെക്ക് ഡാം)

നീരൊഴുക്കിനെതിരെ തുടർച്ചയായി തടസങ്ങൾ സൃഷ്ടിച്ച് ജലപ്രവാഹത്തിന്റെ ശക്തി കുറയ്ക്കുക എന്നതാണ് തടയണകളുടെ ഉദ്ദേശ്യം. ഭൂമിയുടെ ചരിവ്, മഴയുടെ തോത്, തോടിന്റെ വീതി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ചു നീരൊഴുക്കിന്റെ തോത് മനസിലാക്കുകയും അനുയോജ്യമായ ചെക്ക് ഡാം നിർമ്മിക്കുകയുമാണ് വേണ്ടത്. വിവിധ തരം തടയണകൾ ചുവടെ ചേർക്കുന്നു.

### എ). ജൈവതടയണകൾ




നീർച്ചാലുകളുടെ ആരംഭത്തോടടുത്തുള്ള ഭാഗങ്ങളിൽ ഇത്തരം തടയണകൾ ഫലപ്രദമാണ്. പുൽവർഗ്ഗങ്ങൾ, പച്ചിലവളങ്ങൾ

തുടങ്ങിയ ചെടികൾ ചാലിന് കുറുകെ വച്ച് പിടിപ്പിച്ച് ഒഴുകിവരുന്ന മണ്ണിനെ തടഞ്ഞു നിർത്താം.

**ബി) ബ്രഷ് വുഡ് തടയണകൾ**



നീരൊഴുക്ക് ശക്തിയാർജ്ജിക്കുന്ന ഇടങ്ങളിൽ ഇത്തരം തടയണകൾ നിർമ്മിക്കാം. ചാലിന് കുറുകെ നിരകളായി തളിർക്കുന്ന മരക്കുറ്റികൾ നട്ടുകയും അവയ്ക്കിടയിൽ ചുള്ളിക്കമ്പുകൾ, മരച്ചില്ലകൾ, വള്ളിപ്പടർപ്പ് തുടങ്ങിയവ നിറച്ച് കെട്ടി ബലപ്പെട്ടുത്തിയുമാണ് ബ്രഷ് വുഡ് തടയണകൾ ഉണ്ടാക്കുന്നത്. മരക്കുറ്റികൾ ക്രമേണ തളിർത്ത് തടയണകൾ ബലപ്പെട്ടുകയും, നീരൊഴുക്കിന്റെ വേഗത കുറച്ച് മണ്ണൊലിപ്പ് തടയുകയും ചെയുന്നു.

**സി) ലോഗ് വുഡ് / പാഴ്ത്തടി തടയണകൾ**



തോട്ടുകളിൽ നീരൊഴിക്കിനു കുറുകെ മരത്തടികൾ കെട്ടി ഉറപ്പിച്ച് നിർമ്മിക്കുന്ന തടയണകളാണിത്. ഇവ ഒഴുകി വരുന്ന മണ്ണിനെ തടഞ്ഞുവയ്ക്കുകയും നീരൊഴുക്കിന്റെ വേഗത കുറയ്ക്കുകയും ചെയ്യുന്നു.

**ഡി). ഗാബിയൻ ചെക്ക്ഡാം**



നിശ്ചിത കട്ടിയുള്ള വേലിക്കമ്പി കൊണ്ട് തയ്യാറാക്കിയ ബോക്സുകൾക്കുള്ളിൽ കല്ലുകൾ നിറച്ച് നിർമ്മിക്കുന്ന തടയണകളാണിവ. കമ്പികൾ ഉപയോഗിക്കുന്നതിനാൽ പാറകൾ ഇളകാതിരിക്കുകയും, ദീർഘകാലം നിലനില്ക്കുകയും ചെയ്യും.

**ഇ). കല്ല്, കോൺക്രീറ്റ് തടയണ**



നീരൊഴുക്കിന്റെ തോതും തോട്ടുകളുടെ വീതിയും കൂടുതൽ ഉള്ള ഇടങ്ങളിൽ കാട്ടുകല്ല് , കരിങ്കല്ല്, സിമന്റ് തുടങ്ങിയവ ഉപയോഗിച്ച് തടയണകള് നിർമ്മിക്കാം.

## 1.10 പാർശ്വഭിത്തികൾ

നീർച്ചാലുകളുടെയും അരുവികളുടെയും അരിക് ഇടിഞ്ഞു വീണു നാശോന്മുഖമാകുന്നത് തടയാനാണ് ചാലുകളുടെ പാർശ്വങ്ങളിൽ ഭിത്തി നിർമ്മിക്കുന്നത്. കരയിടിച്ചിൽ തടയാനും, കൃഷിസ്ഥലങ്ങളിൽ മണ്ണിടിയുന്നത് തടയാനും പാർശ്വഭിത്തികൾ സഹായിക്കുന്നു. വിവിധ തരത്തിലുള്ള പാർശ്വഭിത്തി സംരക്ഷണ മാർഗ്ഗങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

### എ) സസ്യങ്ങൾ കൊണ്ടുള്ള സംരക്ഷണം



നീർച്ചാലുകളുടെ പാർശ്വങ്ങളിൽ കൈത, രാമച്ചം, ഈറ്റ, മുള തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് പാർശ്വങ്ങൾ ഇടിയുന്നത് നിയന്ത്രിക്കാം. ചെലവ് കുറഞ്ഞതും ഫലപ്രദവുമായ മാർഗമാണിത് .

### ബി) കയർ ഭൂവസ്ത്രം



തികച്ചും പ്രകൃതി സൗഹാർദ്ദ രീതിയിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചും തോടുകളുടെ പാർശ്വങ്ങൾ സംരക്ഷിക്കാം. മീതെ പുൽവർഗ്ഗങ്ങൾ വച്ച് ബലപ്പെടുത്തേണ്ടത് ആവശ്യമാണ്.

### സി) കല്ല് കൊണ്ടുള്ള പാർശ്വഭിത്തി



നീരൊഴുക്കിന്റെ തോതും കല്ലിന്റെ ലഭ്യതയും അനുസരിച്ച കാട്ടുകല്ല്, കരിങ്കല്ല്, സിമന്റ് തുടങ്ങിയവ ഉപയോഗിച്ച് തോടുകളുടെ പർശ്വഭിത്തി നിർമ്മിക്കാം.

## 1.11 മഴവെള്ള സംഭരണം

പൊതുവേ മഴ ലഭ്യത കൂടുതലുള്ള നമ്മുടെ സംസ്ഥാനത്ത് മഴവെള്ള സംഭരണത്തിന് സാധ്യതകൾ കൂടുതലാണ്. നിലവിലുള്ള ജലസ്രോതസുകളെ ആശ്രയിക്കാതെ തന്നെ നിത്യോപയോഗത്തിനുള്ള വെള്ളം ഈ രീതിയിൽ സംഭരിക്കാം. മഴവെള്ള സംഭരണത്തിനുള്ള വിവിധ മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫെറോസിമന്റ് സംഭരണി



മേൽക്കൂരയിൽ നിന്നും ഒഴുകി വരുന്ന വെള്ളത്തെ പി വി സി പൈപ്പുകളിലൂടെ ടാങ്കുകളിൽ ശേഖരിച്ച് നേരിട്ട് ഉപയോഗിക്കുന്ന ലളിതമായ രീതിയാണിത്. 15000 ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഫെറോസിമന്റ് ടാങ്ക് നിർമ്മിച്ചാൽ 4 പേരടങ്ങുന്ന കുടുംബത്തിനു 4 മാസം വരെ പാചകേതര ആവശ്യങ്ങൾക്കുള്ള വെള്ളം 1000 ചതുരശ്ര അടി മേൽക്കൂര വിസ്തീർണത്തിൽ നിന്നും കണ്ടെത്താവുന്നതാണ് .

2. ജലസംഭരണികൾ



ഉപരിതല പ്രവാഹം ശേഖരിക്കാനുതകുന്ന കുളങ്ങൾ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് അനിവാര്യമാണ്. കൃഷി ആവശ്യത്തിനും മറ്റു ആവശ്യങ്ങൾക്കുമായി കുളങ്ങളുടെ പുനരുദ്ധാരണവും പുതിയ ജല സ്രോതസുകളുടെ വികസനവും ആവശ്യമാണ്. ഇതുവഴി ഭൂജലസ്രോതസിന്മേലുള്ള ആശ്രയത്വം കുറയുകയും വേനൽക്കാലത്ത് കൂടുതൽ ജലം ലഭ്യമാകുകയും ചെയ്യും.

3. കിണർ റീചാർജിംഗ്




മഴയുള്ള സമയത്ത് മേൽക്കൂരയിൽ നിന്നും മഴവെള്ളം പൈപ്പുകൾ വഴി ശേഖരിച്ച് കിണറിന് മുകൾവശത്തായി എടുത്ത കുഴികളിലേക്കോ അല്ലെങ്കിൽ ഫിൽറ്റർ വഴി നേരിട്ട് കിണറുകളിലേക്കോ ഇറക്കുന്ന രീതിയാണ് ഇത്. വേനൽക്കാലത്ത് ജല ലഭ്യത വർദ്ധിക്കുന്നതോടൊപ്പം കിണറ്റിലേക്കുള്ള ഉറവകൾ ശക്തിപ്പെടുത്തുവാനും ഈ മാർഗം സഹായിക്കും. ഉപയോഗശൂന്യമായ കിണറുകളും കുഴൽകിണറുകളും ഇപ്രകാരം മഴവെള്ളം ഭൂജലത്തിലേക്ക് എത്തിക്കാൻ ഉപയോഗിക്കാവുന്നതാണ്. കാലക്രമേണ ഇവയിലും ഉറവകൾ എത്തിത്തുടങ്ങും.

ആണ്ടു തോറും സമൃദ്ധമായി ലഭിക്കുന്ന മഴവെള്ളം കൃഷിഭൂമിയിലെ മണ്ണിൽ ഊർന്നിറങ്ങാൻ അനുവദിച്ച് മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനുള്ള ചെലവു

കുറഞ്ഞ ജല സംരക്ഷണ രീതിയാണിത്. നേരത്തെ പറഞ്ഞ മണ്ണ് സംരക്ഷണ രീതികൾ ജല സംരക്ഷണത്തിന് കൂടി ഉതകുന്നതാണ്.

ചരിവുള്ള പ്രദേശങ്ങളിൽ കോണ്ടൂർ ബണ്ടുകൾക്കിടയിൽ വീണ്ടും വരമ്പും ചാലും കോരി വേണം കൃഷി നടത്താൻ. സമതലങ്ങളിൽ ഈ രീതി മഴവെള്ളം കെട്ടി നിന്ന് മണ്ണിൽ ഊർന്നിറങ്ങാൻ സഹായിക്കും. തെങ്ങിന് ചുറ്റും രണ്ട് മീറ്റർ വീതിയും അര മീറ്റർ താഴ്ചയു ള്ള തടങ്ങൾ എടുക്കുന്നത് ഒരു ജലസംരക്ഷണ പ്രവൃത്തി കൂടിയാണ്.

മഴവെള്ളം ശേഖരിക്കാൻ കൃഷി സ്ഥലങ്ങളിൽ അവിടവിടെ മഴക്കുഴികൾ എടുക്കുന്ന സമ്പ്രദായം ജല സംരക്ഷണത്തിന് വലിയ തോതിൽ ഉതകുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ് വീടുകളുടെ മുകളിൽ വീഴുന്ന മഴവെള്ളത്തെ മഴക്കൊയ്ത്ത് (Rain Harvesting) സമ്പ്രദായങ്ങളിലൂടെ ശേഖരിക്കുന്നതും. ഇങ്ങനെ ശേഖരിക്കുന്ന വെള്ളം കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കൂടി സഹായകരമാകും. നാട്ടിലുള്ള തോടുകൾ, കുളങ്ങൾ, മറ്റു തണ്ണീർത്തടങ്ങൾ എന്നിവയെ സംരക്ഷിച്ച് നിലനിർത്തേണ്ടതിന്റെ പ്രാധാന്യം വളരെ വലുതാണ്.

### 1.12 മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

- ❖ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലം പദ്ധതി പ്രദേശത്തിനുണ്ടായ പുരോഗതി വിലയിരുത്തുക
- ❖ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലമുള്ള ഭൂവിനിയോഗ മാറ്റം വിലയിരുത്തുക
- ❖ ദീർഘകാല വിളകളിൽ നിന്നും കാലിക വിളകളിൽ നിന്നും ലഭിക്കുന്ന ഉത്പാദനം, മൂല്യം ഇവ വിലയിരുത്തുക
- ❖ പദ്ധതിക്ക് ശേഷമുള്ള ജല ലഭ്യത വിശകലനം ചെയ്യുക
- ❖ നടപ്പിലാക്കിയ പദ്ധതികളുടെ പരിപാലനം വിലയിരുത്തുക
- ❖ മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയല്ലാതെ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മനസിലാക്കുക
- ❖ പദ്ധതി പ്രദേശത്ത് നടത്താനുള്ള തുടർ പ്രവർത്തനങ്ങളും പ്രശ്നബാധിത സ്ഥലങ്ങളും ചൂണ്ടിക്കാട്ടുക

### 1.13 വിലയിരുത്തൽ പഠന കാലയളവ്

കാർഷിക വർഷം അടിസ്ഥാനമാക്കിയാണ് മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തി വരുന്നത്. 2022-23 കാർഷിക വർഷം (2022 ജൂലൈ- 2023 ജൂൺ) നടത്തിയ പഠനത്തിന്റെ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1.14 നീർത്തടം (വാട്ടർഷെഡ്)

പ്രകൃതി വിഭവ സംരക്ഷണത്തിൽ ഏറ്റവും അനുയോജ്യമായ മാതൃക നീർത്തടാധിഷ്ഠിത പരിപാലനമാണെന്ന് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മഴവെള്ളം ഒട്ടും നഷ്ടപ്പെടുത്താതെ മണ്ണിൽ സംഭരിച്ച് വയ്ക്കുവാനും മണ്ണും ജൈവവൈവിധ്യവും സംരക്ഷിക്കുവാനും നീർത്തടാധിഷ്ഠിത മണ്ണ്-ജല പരിപാലനം മാത്രമാണ് പോംവഴി. ഒരു പ്രദേശത്ത് ലഭിക്കുന്ന മഴവെള്ളം അവിടെത്തന്നെ ഉള്ള നീർച്ചാലുകൾ/നീർസംഭരണികളായ



അരുവികളിലോ, തോടുകളിലോ, പുഴകളിലോ. കുളങ്ങളിലോ എത്തിപ്പെടുന്നു. ഒരു പ്രത്യേക ഭൂവിഭാഗത്തുനിന്ന് മാത്രമായിരിക്കും ഈവെള്ളം ഒഴുകിയെത്തുന്നത്. ഉയർന്നതിണ്ടോ, മലനിരയുടെ മുകൾ ഭാഗമോ തുടങ്ങി നീർച്ചാലിന്റെ അറ്റം വരെ നീളുന്ന ഈ ഭൂവിഭാഗത്തെ ഒന്നായി ആ നീർച്ചാലിന്റെ അല്ലെങ്കിൽ നീർസംഭരണിയുടെ നീർത്തടപ്രദേശം എന്നറിയപ്പെടുന്നു. നീർത്തടത്തിന്റെ അതിരുകൾ സ്വാഭാവികമായുള്ളതാണ്. ഏതൊരു നീർച്ചാലിലേയ്ക്കും ജലം ഒഴുകിയെത്തുന്ന മുഴുവൻ പ്രദേശത്തിന്റെയും അതിർത്തി, ഉത്ഭവ സ്ഥാനം, നീർമറി രേഖ, പ്രകൃതിദത്ത നീർച്ചാലുകൾ, ജല ഗ്രഹണ മേഖല, ആദേശ മേഖല എന്നിവയൊക്കെ നീർത്തടത്തിന്റെ ഭാഗമാണ്. വെള്ളം എവിടെനിന്ന് വരുന്നു, എങ്ങോട്ട്, എങ്ങനെ പോകുന്നു എന്നതാണ് മുഖ്യം. നീർത്തടത്തിന്റെ വലിപ്പമനുസരിച്ച് സൂക്ഷ്മനീർത്തടം, ചെറുനീർത്തടം, ലഘുനീർത്തടം, ഉപനീർത്തടം, നദീതടം എന്നിങ്ങനെ തരം തിരിക്കുന്നു.

### 1.15 നീർത്തടാധിഷ്ഠിത വികസനം.

നദീതടങ്ങളും നീർത്തടങ്ങളുമാണ് നമ്മുടെ ജലസ്രോതസ്സുകളുടെ അടിസ്ഥാന ഘടകങ്ങൾ. അവയുടെ പുനരുദ്ധാരണവും സംരക്ഷണവും ഉൾപ്പെടുത്തി, പരിസ്ഥിതി സൗഹാർദ്ദപരമായ വികസന മാതൃകയാണ് നീർത്തടാധിഷ്ഠിത വികസനം. ഇത് സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചും പരിസ്ഥിതിയുടെ സംരക്ഷണത്തിനനുസരിച്ചുമാണ് നടപ്പാക്കപ്പെടുന്നത്.



സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം കാർഷികരംഗത്ത് നടപ്പിലാക്കിയ പല വികസന പ്രവർത്തനങ്ങളും ജലസേചന മേഖലക്ക് ഊന്നൽ നൽകുന്നവയായിരുന്നു. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശങ്ങൾ മിക്കവാറും അവഗണിക്കപ്പെട്ടു. ഭക്ഷ്യ എണ്ണവിളകളുടെയും പയർവർഗ്ഗ വിളകളുടെയും കൃഷി മിക്ക വാറും ഇത്തരം മഴ കൃഷി മേഖലയിലാകയാൽ കാര്യമായൊന്നും മെച്ചപ്പെട്ടുകയുണ്ടായില്ല. സാധാരണ കർഷകരുടെ സ്ഥിതിയും ഇതു തന്നെയാണ്. ഈ സ്ഥിതിക്കൊരു മാറ്റം വരണമെന്ന ഉദ്ദേശ്യത്തോടെയാണ് ഇന്ത്യയിൽ നീർത്തട വികസന പദ്ധതികൾ ആരംഭിക്കുന്നത്. മണ്ണ്, ജലം, സസ്യസമ്പത്ത് തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവുമാണ് എല്ലാ നീർത്തട വികസന പദ്ധതികളുടെയും പ്രധാന ലക്ഷ്യങ്ങൾ. കൃത്രിമ അതിർത്തികളോടു കൂടിയ പഞ്ചായത്ത്, വാർഡ്, ഗ്രാമം എന്നീ ഭൂവിഭാഗങ്ങൾക്ക് പകരം പ്രകൃതിദത്തമായ അതിരുകളോടു കൂടിയ നീർത്തടം അടിസ്ഥാനമായെടുത്ത് വികസന പരിപാടികൾ നടപ്പിലാക്കുന്നു എന്നതാണ് നീർത്തട വികസന പദ്ധതികളുടെ പ്രത്യേകത. പ്രാദേശികാസൂത്രണത്തിൽ നീർത്തടവികസന പദ്ധതികളുടെ പ്രാധാന്യം ഒട്ടാകെ അംഗീകരിച്ചുകഴിഞ്ഞു. മഴയെ ആശ്രയിച്ചുള്ള കൃഷിയുടെ പ്രാധാന്യം കേരളത്തിനും കുറച്ചു കാണാനാവില്ല. കേരളത്തിന്റെ ആകെയുള്ള കൃഷി ഭൂമിയിൽ നല്ലൊരു ഭാഗം കൃഷിയ്ക്ക് ഉപയുക്തമല്ലാതെ കിടക്കുന്നു. ഇവയിൽ മെച്ചപ്പെട്ട ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ കൃഷിയ്ക്ക് ഉപയുക്തമാക്കാൻ കഴിയും. കേരളത്തിൽ അധിക പ്രദേശങ്ങളിലും മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. കേരളത്തിൽ കൃഷി ചെയ്യുന്ന മിക്കവാറും വിളകൾ ചിരസ്ഥായികളായതിനാലും ശരാശരി മഴ കൂടുതലായതിനാലും ഇത് പ്രശ്നമല്ല എന്ന് വാദിക്കുന്നവരുണ്ട്. പക്ഷേ, മഴവെള്ളത്തിന്റെ സ്വാഭാവിക സംഭരണത്തിനും അവ ഭൂഗർജലമായി ഉറവകളായും നീരൊഴുക്കുകളായും പുനർജനിക്കുന്ന പ്രതിഭാസത്തിനും ഭംഗം നേരിടുന്നത് പ്രശ്നങ്ങളുണ്ടാക്കും. മാത്രമല്ല, കാലം കഴിയുന്തോറും മഴയില്ലാക്കാലവും വേനലും കൂടുതൽ കടുത്തതായി വരുകയാണ്.

### 1.16 വെള്ളക്കെട്ട്

താഴ്ന്ന പ്രദേശങ്ങളിൽ ആണ് സാധാരണയായി വെള്ളക്കെട്ടുകൾ ഉണ്ടാകുന്നത്. ഇതിനെ താൽക്കാലികം, സ്ഥിരം എന്നിങ്ങനെ തിരിക്കാം. ചതുപ്പ് പ്രദേശങ്ങളേയും വെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പ്രദേശങ്ങളേയും സ്ഥിരം വെള്ളക്കെട്ട് എന്ന ഗണത്തിൽപ്പെടുത്താം. വർദ്ധിച്ച തോതിലുള്ള മഴ ഉണ്ടാകുമ്പോൾ ഉപരിതലത്തിലൂടെ ജലം ഒന്നിച്ച് ഒഴുകി വരുന്നതിന്റെ ഭാഗമായി താഴ്ന്ന പ്രദേശത്തിൽ ജലനിരപ്പ് പെട്ടെന്ന് ഉയരുകയും തൽഫലമായി താഴ്ന്ന പ്രദേശങ്ങൾ

വെള്ളത്തിനടിയിലാവുകയും ചെയ്യുന്നു. കൂടാതെ ശരിയായ ജല നിർഗ്ഗമന മാർഗങ്ങളുടെ അഭാവത്താലും മഴ സമയത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാറുണ്ട്. നദികൾ, പ്രധാന തോടുകൾ എന്നിവയുടെ വശങ്ങളിൽ വർഷകാലത്ത് വെള്ളക്കെട്ട് രൂപപ്പെടാറുണ്ട്. എന്നാൽ ഇത് സ്ഥിരമായി നില നിൽക്കുന്നില്ല. വെള്ളക്കെട്ടിന്റെ പ്രധാന കാരണങ്ങളാണ് ഭൂവിനിയോഗത്തിൽ വന്ന മാറ്റം, ജലനിർഗ്ഗമന മാർഗങ്ങളുടെ അപര്യാപ്തത, പെട്ടെന്ന് ഉണ്ടാകുന്ന വർദ്ധിച്ച തോതിലുള്ള മഴയുടെ ഭാഗമായി ഉയർന്ന പ്രദേശത്തു നിന്നും ഉപരിതലത്തിലൂടെ ഒഴുകി വരുന്ന ജലം വളരെ വേഗത്തിൽ താഴ്ന്ന പ്രദേശത്ത് എത്തുന്നത്, മണ്ണിന്റെ ഉപരിതലത്തിൽ ഉണ്ടായിട്ടുള്ള നിർമിതികൾ (കെട്ടിടങ്ങൾ, റോഡുകൾ, കോൺക്രീറ്റ് തറകൾ മുതലായവ) ജലം കിനിഞ്ഞിറങ്ങുന്നതിന് സാധ്യമായ മൺ പ്രതലത്തിന്റെ വിസ്തൃതി കുറയ്ക്കുന്നത്. ജലസേചന കനാലുകളിൽ നിന്നുള്ള ചോർച്ച തുടങ്ങിയവ. വെള്ളക്കെട്ടിനുള്ള പ്രധാന പ്രതിവിധികളാണ് മഴക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ പെയ്ത് വീഴുന്ന ജലം പരമാവധി മണ്ണിൽ താഴ്ത്തുകയും ജലം ഉപരിതലത്തിലൂടെ ഒഴുകി വേഗത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ എത്തുന്നത് തടയുകയും ചെയ്യുക. (മണ്ണിനടിയിൽ കൂടി ജലം സാവധാനമേ ഒഴുകുകയുള്ളൂ), വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങളിലെ ജല നിർഗ്ഗമന ചാലുകൾ പ്രവർത്തനക്ഷമമാക്കുക,വെള്ളക്കെട്ട് ഉണ്ടാകുന്ന സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പരന്നു കെട്ടി നിൽക്കുന്ന ജലത്തെ ഒരിടത്ത് ശേഖരിക്കുക, പാടങ്ങൾക്കിടയിൽ ഇടയ്ക്കിടക്ക് ചെറുകുളങ്ങൾ നിർമ്മിച്ച് ജലം ശേഖരിക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം വഴി ഈ ജലം ആവശ്യ സമയങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുക. 2022-23 വർഷം ആലപ്പുഴ എറണാകുളം ജില്ലകളിലാണ് വെള്ളക്കെട്ട് നിവാരണ പദ്ധതി നടപ്പിലാക്കിയത്.

### 1.17 പഠനരീതി

മണ്ണ് സംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതിയോടൊപ്പം മറ്റ് ഏജൻസികൾ വഴിയോ സ്വകാര്യ വ്യക്തികൾ നേരിട്ടോ നടപ്പാക്കിയ എല്ലാ മണ്ണ് ജല സംരക്ഷണ പദ്ധതികളേയും അവലോകനം ചെയ്യുകയും അത് മൂലം പദ്ധതി പ്രദേശത്തുണ്ടായ പുരോഗതി കണ്ടെത്തുകയും വിടവുകൾ കണ്ടെത്തി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിവിധ മാർഗങ്ങളിലൂടെ നടപ്പാക്കിയ മണ്ണ്-ജല-സംരക്ഷണപദ്ധതികൾ വഴി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ പഠനവിധേയമാക്കുന്നതോടൊപ്പം മണ്ണ് സംരക്ഷണ വകുപ്പിന്റെ ഇടപെടൽ മൂലം പ്രസ്തുത പ്രദേശത്ത് ഉണ്ടായ നേട്ടങ്ങളും വിടവുകളും കണ്ടെത്തുന്നതിനും സാധിക്കുന്നു. ജില്ലാതലത്തിൽ പ്രത്യേകം റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതു വഴി ജില്ലാ ആസൂത്രണ സമിതികൾക്ക് ഈ വിഷയത്തിൽ ഇടപെടാനും മറ്റ് നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നിർവ്വഹണം നടത്തുന്നതിന്

തദ്ദേശഭരണ സർക്കാരുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും സാധിക്കും. മണ്ണ് സംരക്ഷണ പഠന സർവേ 2022-23ൽ തെരഞ്ഞെടുത്ത മണ്ണ് സംരക്ഷണ പദ്ധതി നടപ്പിലാക്കിയ പ്രദേശത്തെ മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും വിവരശേഖരണം നടത്തുകയുണ്ടായി.

പദ്ധതി പ്രദേശത്തെ കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ 4 സ്ട്രാറ്റങ്ങളായി തരം തിരിക്കുന്നു.

പട്ടിക-1

| സ്ട്രാറ്റം | വിസ്തൃതി (ഏക്കറിൽ) |
|---|---|
| 1 | 1 ഏക്കറിൽ താഴെ |
| 2 | 1 മുതൽ 3 ഏക്കറിന് താഴെ |
| 3 | 3 മുതൽ 5 ഏക്കറിന് താഴെ |
| 4 | 5 ഏക്കറിനും അതിനും മുകളിൽ |

# അദ്ധ്യായം II

# പൊതു വിവരങ്ങൾ

പ്രകൃതി വിഭവങ്ങളുടെ സന്തുലിതവും ശാസ്ത്രീയവുമായ പരിപാലനവും വിനിയോഗവും സുസ്ഥിരമായ കാർഷിക വികസനത്തിന് അനിവാര്യമാണ്. ഫലഭൂയിഷ്ഠമായ മണ്ണാണ് ഭക്ഷ്യവിളകളുടെ നിലനിൽപ്പിനാവശ്യമായ പ്രധാന ഘടകം. സസ്യ-ജാലങ്ങൾ വളരാനും വിവിധ ഇന്ധനങ്ങൾ ലഭിക്കുവാനും മണ്ണ് അനിവാര്യമാണ്. ജീവന്റെ നിലനിൽപ്പിനാധാരമായ മണ്ണ് സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതിനായി മണ്ണ് സംരക്ഷണ വകുപ്പ് വിവിധതരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2022-23 കാലയളവിൽ 14 ജില്ലകളിൽ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾ പഠനവിധേയമാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | തിരഞ്ഞെടുത്ത പദ്ധതി | പദ്ധതി പ്രദേശത്തിന്റെ വിസ്തൃതി (ഹെക്ടർ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ഇലങ്കത്തറ മേച്ചേരി നീർത്തട പദ്ധതി | 349 | 111 |
| 2 | കൊല്ലം | മാലയിൽ പരുത്തിയറ നീർത്തട പദ്ധതി | 350 | 240 |
| 3 | പത്തനംതിട്ട | മുണ്ടൻപാറമല SPGB നീർത്തട പദ്ധതി<br>പന്നിയറമുടി SPGB നീർത്തട പദ്ധതി | 511 | 154 |
| 4 | ആലപ്പുഴ | വെട്ടത്തേരി ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 250 | 457 |
| 5 | കോട്ടയം | അരീക്കൽതോട് നീർത്തട പദ്ധതി | 469 | 185 |
| 6 | ഇടുക്കി | പൊട്ടൻകാട് നീർത്തട പദ്ധതി | 811 | 125 |
| 7 | എറണാകുളം | തിരുമറയൂർതോട് ഡ്രെയിനേജ് & ഫ്ലഡ് കൺട്രോൾ പ്രൊജക്റ്റ് ഫേസ് 2 | 144 | 222 |
| 8 | തൃശ്ശൂർ | കുണ്ടുതോട് ചിറമനേങ്ങാട് നീർത്തട പദ്ധതി | 1618 | 384 |
| 9 | പാലക്കാട് | മലേറിയംതോട് നീർത്തട പദ്ധതി | 1104 | 178 |
| 10 | മലപ്പുറം | കൽക്കുണ്ട് കാപ്പിലാം തോട്ടം നീർത്തട പദ്ധതി | 1919.02 | 190 |

| | | | | |
|---|---|---|---|---|
| 11 | കോഴിക്കോട് | വാളക്കയം നീർത്തട പദ്ധതി | 220 | 151 |
| | | നെല്ലിക്കുന്ന് നീർത്തട പദ്ധതി | 241 | |
| 12 | വയനാട് | ഓടവയൽ നീർത്തട പദ്ധതി | 630 | 146 |
| 13 | കണ്ണൂർ | മഞ്ഞത്തോട് നീർത്തട പദ്ധതി | 550 | 161 |
| 14 | കാസറഗോഡ് | തിമ്മൻചാൽ നീർത്തടപദ്ധതി | 515 | 393 |

## 2.1 തിരുവനന്തപുരം ജില്ല – ഇലങ്കത്തറ മേച്ചേരി നീർത്തട പദ്ധതി

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ, പാറശ്ശാല നിയോജക മണ്ഡലത്തിൽപ്പെട്ട പെരുങ്കടവിള ബ്ലോക്കിൽ പെരുങ്കടവിള പഞ്ചായത്തിലാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ .ഡി.എഫ് XIX ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഇലങ്കത്തറ-മേച്ചേരി നീർത്തട പദ്ധതി. 06/10/2014 – ലാണ് ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. 349 ഹെക്ടർ ആകെ വിസ്തീർണ്ണമുള്ള ടി പദ്ധതിയ്ക്ക് 95,61,000/- രൂപയാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.



പദ്ധതി ആരംഭം മുതൽ 93,06,560/- രൂപ ചെലവഴിച്ച് 334.44 ഹെക്ടർ പ്രദേശത്തു മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് . പ്രസ്തുത പദ്ധതിയിൽ 111 ഉണഭോക്താക്കൾ ഉൾപ്പെടുന്നു. പദ്ധതി 30/04/2019 ൽ പൂർത്തിയാക്കി. വേനൽ കാലത്ത് ജലക്ഷാമം നേരിടുന്ന ഈ നീർത്തട മേഖലയിൽ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം ജനങ്ങൾ കടുത്ത ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. കനത്ത മൺസൂൺ മഴ പ്രദേശത്തെ ഫലഭൂയിഷ്ഠമായ മണ്ണിനെ ഒഴുക്കി കളയുന്നതിനും തന്മൂലം കാർഷിക വിളകളുടെ ഉത്പാദന ക്ഷമതയിൽ കുറവ് ഉണ്ടാക്കുകയും ചെയ്തിരുന്നു. ഈ മേഖലയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന് ശേഷം ഏകദേശം 20 % വിളവ് വർദ്ധിച്ചതായും

മണ്ണൊലിപ്പ് ഒരു പരിധി വരെ നിയന്ത്രിക്കപ്പെട്ടതായും ഗുണഭോക്താക്കൾ അഭിപ്രായപ്പെടുന്നു.

<u>**മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**</u>

1. കല്ല് കയ്യാല
2. റബ്ബർത്തടം
3. മഴക്കുഴി
4. കിണർ നവീകരണം
5. ചെറുതടയണകൾ
6. കൈത്തോടുകളുടെ പാർശ്വസംരക്ഷണം
7. നടപ്പാലം
8. ചെറുകുളം
9. ഉറക്കിണർ

| | |
|---|---|
| **ആരംഭിച്ച തീയതി** | 06/10/2014 |
| **പൂർത്തിയാക്കിയ തീയതി** | 30/04/2019 |








പദ്ധതി പ്രദേശത്ത്, ഒരു ഹൈസ്കൂൾ, ഒരു അപ്പർപ്രൈമറി സ്കൂൾ, 2 ലോവർ പ്രൈമറി സ്കൂൾ, 6 അംഗനവാടികൾ എന്നിവ പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി പ്രദേശത്ത്

ഒരു ആയുർവേദ ആശുപത്രി , പട്ടികജാതി ക്ഷേമ വകുപ്പ് നഴ്സറി സ്കൂൾ എന്നീ സർക്കാർ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നു. വാട്ടർഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 37 പേരുണ്ട്. അവർക്ക് ആകെ 1438 സെന്റ് ഭൂമി പദ്ധതി പ്രദേശത്തിനകത്ത് ഉണ്ട്. പദ്ധതി പ്രദേശത്ത് 3 ക്ഷീര സഹകരണ സംഘവും ഒരു നെയ്ത്ത് സഹകരണ സംഘവും പ്രവർത്തന സജ്ജമായിട്ടുണ്ട്. 72 കുടുംബശ്രീ യൂണിറ്റുകൾ പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നു. പദ്ധതി പ്രദേശത്തിനകത്ത് ശരാശരി 148 അടി ശരാശരി ആഴത്തിലുള്ള 28 സ്വകാര്യ കുഴൽ കിണറുകളും ശരാശരി 170 അടി ആഴത്തിലുള്ള 7 പൊതു കുഴൽ കിണറുകളുമുണ്ട്. ശരാശരി 8 അടി ആഴത്തിലുള്ള 14 സ്വകാര്യ കുളങ്ങളും 9 അടി ശരാശരി ആഴത്തിലുള്ള 13 പൊതുകുളങ്ങളും ശരാശരി 37 അടി ആഴത്തിലുള്ള 564 സ്വകാര്യ കിണറുകളും ശരാശരി 40 അടി ആഴത്തിലുള്ള 19 പൊതുകിണറുകളും ഉള്ളതായാണ് സർവേ സൂചിപ്പിക്കുന്നത്.

## 2.2 കൊല്ലം ജില്ല – മാലയിൽ പരുത്തിയറ നീർത്തട പദ്ധതി

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ വെളിയം പഞ്ചായത്തിലാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ മാലയിൽ പരുത്തിയറ നീർത്തട പദ്ധതി. 350 ഹെക്ടർ ആണ് പദ്ധതി പ്രദേശത്തിന്റെ ആകെ വിസ്തൃതി. 12/12/2014 – ലാണ് ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. 10,81,2000/– രൂപയാണ് പദ്ധതി അടങ്കൽ തുക. പദ്ധതി ആരംഭം മുതൽ 9,68,3720/– രൂപ ചിലവഴിച്ച് 300 ഹെക്ടർ പ്രദേശത്തു മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് .ടി പദ്ധതിയിൽ 240 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. പദ്ധതി 31/03/2020 ൽ പൂർത്തിയാക്കി. ഭൂഗർഭ ജലവിതാനം ഉയർത്തുക ഫലപുയിഷ്ടമായ മേൽ മണ്ണ് സംരക്ഷണം , വേനൽ കാലത്തു കുടിവെള്ള ക്ഷാമം പരിഹരിക്കുക, കിണറുകളുടെ ജല ലഭ്യത ഉയർത്തുക കർഷകരുടെ തൊഴിൽ ദിനം വർധിപ്പിക്കുക, കാർഷികോൽപാദനം വർധിപ്പിക്കുക എന്നിവയൊക്കെയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**മണ്ണ്–ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

1. കല്ല് കയ്യാല
2. പാർശ്വസംരക്ഷണം
3. ചെക്ക് ഡാം
4. റബ്ബർ തടം
5. മഴക്കുഴി
6. ഉറക്കിണറുകൾ

| | |
|---|---|
| **ആരംഭിച്ച തീയതി** | 12/12/2014 |
| **പൂർത്തിയാക്കിയ തീയതി** | 31/03/2020 |








പദ്ധതി പ്രദേശത്ത് ഒരു അപ്പർ പ്രൈമറി സ്കൂളും 4 അംഗനവാടികളും നിലവിലുണ്ട്. പദ്ധതി പ്രദേശത്ത് ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും സാമൂഹിക നീതി വകുപ്പിന്റെ പ്രിയ ഹോം ഫോർ ലേഡീസും പ്രവർത്തിച്ചു വരുന്നു. വാട്ടർ ഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 27 പേരും അവർക്ക് ആകെ 2939 സെന്റ് ഭൂമി പദ്ധതി പ്രദേശത്തിനകത്ത് ഉണ്ട്. ശരാശരി 18 അടി ആഴത്തിലുള്ള 5 പൊതുകുളങ്ങളും ശരാശരി 60 അടി ആഴത്തിലുള്ള 500 സ്വകാര്യ കിണറുകളും 60 അടി ആഴത്തിലുള്ള 6 പൊതുകിണറുകളും പദ്ധതി പ്രദേശത്ത് ഉള്ളതായാണ് സർവേ സൂചിപ്പിക്കുന്നത്.

## 2.3 പത്തനംതിട്ട ജില്ല – മുണ്ടൻപാറമല SPGB നീർത്തട പദ്ധതി, പന്നിയറമുടി SPGB നീർത്തട പദ്ധതി

### a) മുണ്ടൻപാറമല SPGB നീർത്തട പദ്ധതി

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിലെ സീതത്തോട് വില്ലേജിലെ റാന്നി ബ്ലോക്കിലെ സീതത്തോട് ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ലാണ് മുണ്ടൻപാറമല എന്ന 278 ഹെക്ടർ പ്രദേശം സ്ഥിതി ചെയ്യുന്നത്. ഉരുൾപൊട്ടൽ ബാധിത പ്രദേശമായതിനാൽ ഭാവിയിൽ പ്രസ്തുത പ്രദേശത്ത് മണ്ണിടിച്ചിൽ ഭീഷണി ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിലെ മേൽമണ്ണ് നഷ്ടപ്പെടുകയും പാറക്കല്ലുകളും മറ്റ് അവശിഷ്ടങ്ങളും അടിഞ്ഞുകൂടുകയും ചെയ്യുന്നതിനാൽ സാധാരണയായി കൃഷിക്ക് അനുയോജ്യമല്ല. ഈ പ്രദേശങ്ങൾ ഉചിതമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ച് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളാക്കി മാറ്റുന്നതിനും പദ്ധതി ലക്ഷ്യം വെക്കുന്നു. 58.10 ലക്ഷമാണ് പദ്ധതി അടങ്കൽ തുക. പദ്ധതി 2018 ൽ ആരംഭിച്ച് 2021 മാർച്ചിൽ പൂർത്തിയാക്കി.





**മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

1. സ്റ്റോൺ പിച്ച്ഡ് ഗ്രേഡഡ് ബണ്ട്
2. പാർശ്വഭിത്തി നിർമാണം
3. കാർഷിക വനവത്കരണം

## b) പന്നിയറമുടി SPGB നീർത്തട പദ്ധതി

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ റാന്നി ബ്ലോക്കിലെ സീതത്തോട് പഞ്ചായത്തിലെ സീതത്തോട് വില്ലേജിലെ വാർഡ് 9 ൽ ഗുരുനാഥൻമണ്ണ്-കുന്നം ഭാഗത്താണ് പന്നിയറമുടി എന്ന 233 ഹെക്ടർ പ്രദേശം സ്ഥിതി ചെയ്യുന്നത്. വളരെ കുത്തനെയുള്ള ചരിവുകളുള്ള ഈ പ്രദേശം കുന്നിൻ പ്രദേശമാണ്. 24-09-2012-ന് പന്നിയറമുടി ഭാഗത്ത് കൃഷിഭൂമിയിൽ കനത്ത മണ്ണൊലിപ്പ് ഉണ്ടാകുകയും റോഡുകളും കെട്ടിടങ്ങളും മറ്റും തകരുകയും ചെയ്തു. ആ സ്ഥലങ്ങൾ ഇപ്പോഴും കാർഷികോത്പാദനത്തിന് അനുയോജ്യമല്ല. ഉയർന്ന തീവ്രതയുള്ള മഴ, ശാസ്ത്രീയമായ മണ്ണ് സംരക്ഷണ രീതികളുടെ അഭാവം, ആഴം കുറഞ്ഞ മണ്ണ്, മറ്റ് മണ്ണിന്റെ സവിശേഷതകൾ എന്നിവ ഈ പ്രദേശത്ത് ഉരുൾപൊട്ടലിന് കാരണമായി. ഉരുൾപൊട്ടലിൽ ഗുരുതരമായ കൃഷിനാശവും ഫലഭൂയിഷ്ഠമായ കൃഷിഭൂമിയും നശിച്ചു. ഉരുൾപൊട്ടൽ ബാധിതമായ ഈ പ്രദേശത്തെ സ്ഥിരപ്പെടുത്തുകയും ഭാവിയിൽ ഈ പ്രദേശത്ത് മണ്ണിടിച്ചിൽ ഭീഷണി ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ മേൽമണ്ണ് നഷ്ടപ്പെടുകയും പാറക്കല്ലുകളും മറ്റ് അവശിഷ്ടങ്ങളും അടിഞ്ഞുകൂടുകയും ചെയ്യുന്നതിനാൽ സാധാരണയായി കൃഷിക്ക് അനുയോജ്യമല്ല. ഈ പ്രദേശങ്ങൾ ഉചിതമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിച്ച് കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളാക്കി മാറ്റുക എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. 52.20 ലക്ഷമാണ് പദ്ധതി അടങ്കൽ തുക

**മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

1. സ്റ്റോൺ പിച്ച്ഡ് ഗ്രേഡഡ് ബണ്ട്
2. പാർശ്വ ഭിത്തി നിർമാണം
3. കാർഷിക വനവത്കരണം

പദ്ധതി പ്രദേശത്ത് ഒരു അംഗനവാടി പ്രവർത്തിക്കുന്നുണ്ട്. പദ്ധതി പ്രദേശത്ത് മൂന്ന് സർക്കാർ കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. വാട്ടർ ഷെഡിനുള്ളിൽ സ്ഥലമുള്ളതും പുറത്ത് താമസിക്കുന്നവരുമായി 8 പേരും അവർക്ക് വാട്ടർ ഷെഡിനുള്ളിൽ 1480 സെന്റ് ഭൂമിയുമുണ്ട്. 3 കുടുംബശ്രീ യൂണിറ്റുകൾ പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നു. പദ്ധതി പ്രദേശത്തിനകത്ത് 100 മീറ്റർ ശരാശരി ആഴമുള്ള 3 കുഴൽ കിണറുകളും, 10.5 മീറ്റർ ശരാശരി ആഴമുള്ള 154 സ്വകാര്യ കിണറുകളും, 15000 ലിറ്റർ ശേഷിയുള്ള 12 മഴവെള്ള സംഭരണികളുമുണ്ട്.

## 2.4 ആലപ്പുഴ ജില്ല - വെട്ടത്തേരി ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതി

ആലപ്പുഴ ജില്ലയിൽ, മാവേലിക്കര താലൂക്കിൽ, മാവേലിക്കര ബ്ലോക്കിൽ, ചെന്നിത്തല-തൃപ്പെരുംതുറ പഞ്ചായത്തിൽ വാർഡ് XVIII ൽ, ആർ.ഐ.ഡി.എഫ്-19 ൽ ഉൾപ്പെടുത്തി നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് വെട്ടത്തേരി-ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതി. ഈ പദ്ധതി പ്രദേശത്തിന്റെ ആകെ വിസ്തൃതി 250 ഹെക്ടറാണ്. പദ്ധതിയുടെ ആകെ അടങ്കൽ തുക 95,54,000/- രൂപ ആണ്. ഈ പദ്ധതി പ്രദേശത്തിന്റെ കിഴക്ക്-പറയങ്കേരി കുരീതറ റോഡ്, തെക്ക്-അച്ചൻ കോവിലാറ്, പടിഞ്ഞാറ്-പുത്തനാർ, വടക്ക്-ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ് എന്നിവയാണ്. സംസ്ഥാനത്തെ പ്രധാന നെല്ലുത്പാദക മേഖലകളിലൊന്നായ ഓണാട്ടുകരയുടെയും അപ്പർ കുട്ടനാട് മേഖലയുടെയും സംക്രമണ മേഖലയെയാണ് പദ്ധതി പ്രദേശം പ്രതിനിധീകരിക്കുന്നത്. രണ്ട് കാലവർഷങ്ങളിലും ഈ പ്രദേശത്ത് സമൃദ്ധമായ മഴ ലഭിക്കുന്നു.എന്നാൽ തെറ്റായ ഡ്രെയിനേജ്, ഇടയ്ക്കിടെയുള്ള വെള്ളപ്പൊക്കം, ബണ്ട് പൊട്ടൽ, വിള സീസണിലെ ജലക്ഷാമം തുടങ്ങി നിരവധി പ്രശ്നങ്ങൾ നെൽകൃഷിയെ സാരമായി ബാധിക്കുന്നു ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിലെ വെട്ടത്തേരി - ചെണ്ടക്കേരി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാർഷികോത്പാദനം വർധിപ്പിക്കുന്നതിനും പ്രദേശത്തെ ജനങ്ങളുടെ മൊത്തത്തിലുള്ള ജീവിത നിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ടുള്ള ഡ്രെയിനേജ് മാനേജ്മെന്റ് തന്ത്രമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. .ടി പദ്ധതിയിൽ 457 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു.പദ്ധതി നടപ്പിലാക്കിയതിലൂടെ 25 ഹെക്ടർ **പ്രദേശത്ത് കൂടുതൽ കൃഷി ചെയ്യാൻ സാധിച്ചതായും തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചതിന്റെ ഫലമായി നീരൊഴുക്ക് സുഗമമാവുകയും മണ്ണൊലിപ്പ് തടയുകയും തൽഫലമായി നെല്ലുൽപാദനം വർദ്ധിച്ചതായും കാർഷിക മേഖലക്ക് കൂടുതൽ പ്രയോജനകരമായി തീരുകയും ചെയ്തു. തോടുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയതിനാൽ വേനൽകാലത്ത് കൃഷിക്കാവശ്യമായ ജലം ലഭ്യമാകുന്നതിനും മഴക്കാലത്ത് കരഭൂമിയെ വെള്ളക്കെട്ടിൽ നിന്നും സംരക്ഷിക്കുന്നതിനും സാധിച്ചു.**

| | |
|---|---|
| **പദ്ധതി ആരംഭിച്ച തീയതി** | 27/12/2014 |
| **പൂർത്തീകരിച്ച തീയതി** | 30/06/2019 |

<u>**മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**</u>



- പാർശ്വഭിത്തി നിർമാണം
- സ്ലൂയിസ് നിർമാണം
- റാമ്പ് നിർമാണം

14 കുടുംബശ്രീ യൂണിറ്റുകൾ പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നു. വാട്ടർഷെഡിനകത്ത് സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 4 പേരും അവർക്ക് 3125 സെന്റ് ഭൂമിയും പദ്ധതി പ്രദേശത്ത് ഉണ്ട്. ശരാശരി 10 മീറ്റർ ആഴത്തിലുള്ള 5 കുഴൽകിണറുകളും 8 മീറ്റർ ശരാശരി ആഴത്തിലുള്ള 428 സ്വകാര്യ കിണറുകളും 9 മീറ്റർ ശരാശരി ആഴത്തിലുള്ള 3 പൊതുകിണറും പദ്ധതി പ്രദേശത്ത് ഉള്ളതായി സർവേയിൽ വ്യക്തമാകുന്നു

## <u>2.5 കോട്ടയം ജില്ല – അരീക്കൽതോട് നീർത്തട പദ്ധതി</u>

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്കിൽ മീനച്ചിൽ താലൂക്കിൽ മേലുകാവ്, മൂന്നിലവ് പഞ്ചായത്തിലാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ അരീക്കൽതോട് നീർത്തട പദ്ധതി സ്ഥിതി ചെയ്യുന്നത്. പദ്ധതി പ്രദേശത്തിന്റെ ആകെ വിസ്തൃതി 469 ഹെക്ടറാണ്. 17/11/2014-ലാണ് ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചത്. പദ്ധതിയുടെ ആകെ അടങ്കൽ തുക 13862000/- രൂപ ആണ്. ടി പദ്ധതിയിൽ 185 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. പദ്ധതി 26/06/2019 പൂർത്തിയാക്കി.



**<u>മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>**



- കല്ല് കയ്യാല നിർമാണം
- പാർശ്വഭിത്തി നിർമാണം
- മഴക്കുഴി നിർമാണം
- കിണർ നവീകരണം
- ജലസംഭരണി
- സൈഡ് പിച്ചിംഗ്
- അഗ്രസ്റ്റോളജി

| | |
|---|---|
| **പദ്ധതി ആരംഭിച്ച തീയതി** | 17/11/2014 |
| **പദ്ധതി പൂർത്തിയാക്കിയ തീയതി** | 26/06/2019 |

പദ്ധതി പ്രദേശത്ത് 847 സ്ത്രീകളും 815 പുരുഷന്മാരുമാണ് ഉള്ളത്. പ്രസ്തുത പദ്ധതി പ്രദേശത്ത് താമസിക്കുന്നവരിൽ 42 പേർ പട്ടികജാതി വിഭാഗത്തിലും 339 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും 1281 പേർ മറ്റ് വിഭാഗങ്ങളിലും ഉൾപ്പെടുന്നവരാണ്. പദ്ധതി പ്രദേശത്ത് 2 അംഗനവാടികളും 3 ലോവർ പ്രൈമറി സ്കൂളുകളും 2 അപ്പർ പ്രൈമറി സ്കൂളുകളും ഒരു ഹൈസ്കൂളും സ്ഥിതി ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രദേശത്ത് ഗ്രാമ പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, മൃഗാശുപത്രി പോലീസ് സ്റ്റേഷൻ എന്നീ സർക്കാർ ഓഫീസുകളും പോസ്റ്റ് ഓഫീസ്, അംഗനവാടികൾ, റേഷൻ കടകൾ ബാങ്കുകൾ എന്നീ സർക്കാർ സ്ഥാപനങ്ങളും സ്ഥിതിചെയ്യുന്നു. കൂടാതെ പദ്ധതി പ്രദേശത്ത് 68 സ്വകാര്യ സ്ഥാപനങ്ങൾ നിലവിലുണ്ട്. വാട്ടർ ഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരായി 13 പേരും, അവരുടെ കൈവശഭൂമിയുടെ വിസ്തൃതി 3357 സെന്റ് ആണ്.

പദ്ധതി പ്രദേശത്ത് ഒരു ക്ഷീരസഹകരണ സംഘം, ഒരു പ്രാഥമിക കാർഷിക സഹകരണ സംഘം, ഒരു കാർഷിക വിപണന സഹകരണ സംഘം, എന്നിവ പ്രവർത്തിച്ചു വരുന്നു. പദ്ധതി പ്രദേശത്ത് 17 കുടുംബശ്രീ യൂണിറ്റുകളുണ്ട്. പദ്ധതി പ്രദേശത്ത് 35 മീറ്റർ ശരാശരി ആഴത്തിലുള്ള 3 കുഴൽകിണറുകളും 3 മീറ്റർ ശരാശരി ആഴത്തിലുള്ള 4 സ്വകാര്യ കുളങ്ങളും 3 മീറ്റർ ശരാശരി ആഴത്തിലുള്ള 2 പൊതുകുളങ്ങളും 5.5 മീറ്റർ ശരാശരി ആഴത്തിലുള്ള 180 സ്വകാര്യകിണറുകളും 3 മീറ്റർ ശരാശരി ആഴത്തിലുള്ള 5 മഴവെള്ള സംഭരണികളും നിലവിലുണ്ട്.

## 2.6 ഇടുക്കി ജില്ല – പൊട്ടൻകാട് നീർത്തട പദ്ധതി

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ അടിമാലി ബ്ലോക്കിൽ ഉൾപ്പെടുന്ന ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ ബൈസൺവാലി വില്ലേജിലാണ് പൊട്ടൻകാട് നീർത്തടം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത നീർത്തടത്തിന്റെ വടക്ക് കുഞ്ഞിത്തണ്ണി നീർത്തടവും തെക്ക് ഉപ്പാറും കിഴക്ക് ചങ്ങനാശ്ശേരിത്തോട് നീർത്തടവും പടിഞ്ഞാറ് മുതിരപ്പുഴയും ആണുള്ളത്. 811 ഹെക്ടറാണ് നീർത്തടത്തിന്റെ ഭൂമിശാസ്ത്രപരമായ ആകെ വിസ്തൃതി.പദ്ധതി നടപ്പിലാക്കിയ പ്രദേശത്തിന്റെ വിസ്തൃതി 620 ഹെക്ടറുമാണ്. അടിമാലി ജംഗ്ഷനിൽ നിന്ന് 25 കിലോമീറ്റർ തെക്ക് കിഴക്കായാണ് നീർത്തടമുള്ളത്. ബൈസൺവാലി പഞ്ചായത്തിലെ വാർഡ് നമ്പർ 3 & 4 ഉൾപ്പെടുന്നതാണ് നീർത്തട പ്രദേശം. ടി പദ്ധതിയിൽ 125 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു.

കുരുമുളക്, കൊക്കോ, കാപ്പി, തെങ്ങ്, വാഴ, ഏലം തുടങ്ങിയവയാണ് ഈ പ്രദേശത്തെ പ്രധാന വിളകൾ. ഉയർന്ന മഴയും, നീണ്ടതും കുത്തനെയുള്ളതുമായ ചരിവ് കാരണം ഈ പ്രദേശത്ത് കടുത്ത മണ്ണൊലിപ്പിന് സാധ്യതയുണ്ട്. മതിയായ മണ്ണ്, ജല സംരക്ഷണ നടപടികളുടെ അഭാവവും മണ്ണൊലിപ്പ് പ്രശ്നം രൂക്ഷമാക്കുന്നു. മണ്ണൊലിപ്പ് കുറച്ച് മണ്ണിന്റെ ഫലഭൂയിഷ്ടത സംരക്ഷിക്കുന്നതിനുമാണ് പൊട്ടൻകാട് നീർത്തടത്തിൽ പദ്ധതി നടപ്പിലാക്കിയത് .



**മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**



- പാർശ്വ ഭിത്തി നിർമാണം
- അഗ്രസ്റ്റോളജിക്കൽ നടപടികൾ
- മഴക്കുഴി
- കോണ്ടൂർ ബണ്ട്.
- ചെക്ക് ഡാം
- സൈഡ് പിച്ചിംഗ്
- ജല സംഭരണികൾ

| | |
|---|---|
| **ആരംഭിച്ച തീയതി** | 20/01/2015 |
| **പൂർത്തിയാക്കിയ തീയതി** | 25/06/2019 |





പദ്ധതി പ്രദേശത്ത് 2 അംഗൻവാടികളും ഒരു ലോവർ പ്രൈമറി സ്കൂളും ഉണ്ട്. പ്രസ്തുത പ്രദേശത്ത് സർക്കാരിന്റെ കുടിവെള്ള പദ്ധതിയായ ജലധാര, ജലജീവൻ കുടിവെള്ള പദ്ധതി സ്ഥിതി ചെയ്യുന്നു. പദ്ധതി പ്രദേശത്ത് 27 കുടുംബശ്രീ യൂണിറ്റുകളാണ് ഉള്ളത്. വാട്ടർഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതിപ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 238 പേരും അവർക്ക് ആകെ 42 ഹെക്ടർ ഭൂമിയും പദ്ധതി പ്രദേശത്ത് ഉണ്ട്. പദ്ധതി പ്രദേശത്തിനകത്ത് 300 അടി ആഴത്തിലുള്ള 160 കുഴൽ കിണറുകളും 8 അടി ശരാശരി ആഴത്തിലുള്ള 21

സ്വകാര്യകുളങ്ങളും 8 അടി ശരാശരി ആഴത്തിലുള്ള 2 പൊതു കുളങ്ങളും 30 അടി ശരാശരി ആഴത്തിലുള്ള 24 സ്വകാര്യകിണറുകളും 25 അടി ശരാശരി ആഴത്തിലുള്ള 2 പൊതുകിണറുകളും 4 മഴ വെള്ള സംഭരണികളും ഉള്ളതായി പദ്ധതി സൂചിപ്പിക്കുന്നു.

## 2.7 എറണാകുളം ജില്ല – തിരുമറയൂർതോട് ഡ്രയിനേജ് & ഫ്ലഡ് കൺട്രോൾ പ്രൊജക്റ്റ് ഫേസ് 2

2022–23 വർഷത്തെ മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠനത്തിനായി എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്കിൽ എടക്കാട് വയൽ വില്ലേജിൽ വെല്ലൂർ പഞ്ചായത്തിലെ വാർഡ് 1 ലൂടെയും എടക്കാട് പഞ്ചായത്തിലെ വാർഡ് 7,9



ലൂടെയും ഒഴുകുന്ന തിരുമറയൂർതോട് ഡ്രെയിനേജ് & ഫ്ലഡ് കൺട്രോൾ പ്രോജക്ടാണ് തെരഞ്ഞെടുത്തത്. ടി പദ്ധതിയുടെ ആകെ വിസ്തീർണ്ണം 144 ഹെക്ടറും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയ പ്രദേശത്തിന്റെ വിസ്തീർണ്ണം 135.25 ഹെക്ടറുമാണ്. ടി പദ്ധതിയിൽ 222 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. പ്രദേശത്തെ പാടശേഖരങ്ങളിലേയ്ക്കുള്ള പ്രധാന നീർവാർച്ച തിരുമറയൂർ തോടാണ്. 23-02-2015 ൽ ആരംഭിച്ച പദ്ധതി 30-06-2019 ന് പൂർത്തിയാക്കി. വാഹകശേഷി വർദ്ധിപ്പിക്കുന്നതിനും വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുമായി തോട് ആഴത്തിലാക്കുക, മങ്കടപ്പള്ളി തോടിന്റെ ഇരുവശങ്ങളിലും അല്ലാതെയും സംരക്ഷണഭിത്തിയുടെ നിർമാണം, ഫീൽഡിലേക്ക് യന്ത്രസാമഗ്രികൾ എത്തിക്കാൻ ട്രാക്ടർ മാർഗം. പാടത്തിന്റെ ഉയർന്ന തടത്തോട് കൂടിയ മുകൾ ഭാഗത്ത് വെള്ളം ക്രമീകരിക്കുന്നതിന് ആർസിസി സ്ലൂയിസുകളുടെ നിർമാണം എന്നിവയായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം.

### മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

- പാർശ്വ ഭിത്തികളുടെ നിർമാണം
- തോടിന്റെ ആഴം കൂട്ടൽ
- RCC സ്ലൂയിസ് നിർമാണം
- വേർതിരിക്കൽ ബണ്ടുകളുടെ രൂപീകരണം
- ട്രാക്ടർ പാസേജ്

| | |
|---|---|
| പദ്ധതി ആരംഭിച്ച തീയതി | 23-02-2015 |
| പദ്ധതി പൂർത്തീകരിച്ച തീയതി | 30-06-2019 |



സർവേ നടത്തിയ പദ്ധതി പ്രദേശത്ത് 1014 സ്ത്രീകളും 868 പുരുഷൻമാരും ആണ് ഉള്ളത്. പദ്ധതി പ്രദേശത്ത് താമസിക്കുന്നവരിൽ 76 പേർ പട്ടികജാതി വിഭാഗത്തിലും 1806 പേർ മറ്റ് വിഭാഗങ്ങളിലും ഉൾപ്പെടുന്നവരാണ്.

പദ്ധതി പ്രദേശത്ത് രണ്ട് അംഗനവാടികളും ഒരു എൽ പി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. കൈപ്പട്ടൂർ പോസ്റ്റാഫീസും തൊട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രവുമാണ് പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ. സർക്കാർ ഗ്രാമീണ വായനശാല, പൊതു ശ്മശാനം, കൈപ്പട്ടൂർ കൃഷി ഭവൻ എന്നിവയാണ് പ്രസ്തുത പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ. പദ്ധതി പ്രദേശത്ത് 6 സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. എടയ്ക്കാട്ടുവയൽ പഞ്ചായത്തിന്റെ കുടിവെള്ള പദ്ധതി പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നു. പദ്ധതി പ്രദേശത്ത് തിരുമറയൂർ സർവ്വീസ് സഹകരണ ബാങ്ക്, കേരള കലാസമിതി,റബ്ബർ കർഷകസംഘം, നെൽകൃഷി പാടശേഖര സമിതി,സൃഷ്ടി തയ്യൽ യൂണിറ്റ് എന്നിവയും സ്ഥിതിചെയ്യുന്നുണ്ട്. പദ്ധതി പ്രദേശത്ത് 3 കുടുംബ ശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പദ്ധതി പ്രദേശത്ത് 10 മീറ്റർ ശരാശരി ആഴത്തിലുള്ള 62 കുഴൽ കിണറുകളും 2-2.5 മീറ്റർ ശരാശരി ആഴത്തിലുള്ള 16 സ്വകാര്യ കുളങ്ങളും 2-2.5 മീറ്റർ ശരാശരി ആഴത്തിലുള്ള 1 പൊതുകുളവും 6 മീറ്റർ ശരാശരി ആഴത്തിലുള്ള 134 സ്വകാര്യ കിണറുകളും 6 മീറ്റർ ശരാശരി ആഴത്തിലുള്ള 2 പൊതുകിണറും നിലവിലുണ്ട്.

## 2.8 തൃശ്ശൂർ – കുണ്ടുതോട് ചിറമനേങ്ങാട് നീർത്തട പദ്ധതി

തൃശ്ശൂർ ജില്ലയിൽ ചൊവ്വന്നൂർ ബ്ലോക്കിലെ കടവല്ലൂർ, കടങ്ങോട് പഞ്ചായത്തിൽ 1618 ഹെക്ടർ പ്രദേശത്താണ് കുണ്ടുതോട് ചിറമനേങ്ങാട് നീർത്തട പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതിയിൽ 384 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. 2014 ൽ ആരംഭിച്ച പദ്ധതി 2019 ൽ പൂർത്തിയാക്കി. നീർത്തട പ്രദേശത്തെ ശരിയായ രീതിയിലുള്ള മണ്ണ് ജല സംരക്ഷണ മാർഗങ്ങൾ ഉപയോഗിച്ച് പുനരുജ്ജീവിപ്പിക്കുക, അനുയോജ്യമായ ഇടപെടലുകളിലൂടെ മണ്ണ് ഒലിപ്പ് തടഞ്ഞ് മണ്ണിൽ നിന്നും ഫലപുഷ്ടി നഷ്ടപെടുന്നത് തടയുക. മണ്ണിൽ ഈർപ്പം നിലനിർത്തി ജലക്ഷാമം പരിഹരിക്കുക ,ഉചിതമായ ജലനിർഗ്ഗമന സംവിധാനത്തിന് രൂപം നൽകി വെള്ളപൊക്ക സാധ്യത പരിഹരിക്കുക, ഫലവൃക്ഷതൈകളും മരങ്ങളും വെച്ച് പിടിപ്പിച്ച് പരിസ്ഥിതിയെ പുനരുദ്ധരിക്കൽ എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.


KUNDUTHODU WAERSHED RIDF XIX 2017-18, well recharge

<u>മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>

1. മൺവരമ്പുകൾ
2. പാർശ്വഭിത്തി നിർമാണം
3. നീർക്കുഴികൾ
4. കോണ്ടൂർ ബണ്ടിംഗ്
5. പുൽ വരമ്പുകൾ
6. കുളത്തിന്റെ നവീകരണം
7. തോടിന്റെ വിഭജനം
8. വലിയ കുളങ്ങൾ
9. കിണർ റീ ചാർജ്ജ് യൂണിറ്റ്
10. ക്രോസ് ഓവർ സ്ലാബുകൾ






കൃഷിയും മൃഗ സംരക്ഷണവുമാണ് പദ്ധതി പ്രദേശത്തെ പ്രധാന സാമ്പത്തിക സ്രോതസ്സുകൾ. പദ്ധതി പ്രദേശത്ത് 19 അംഗനവാടികളും മൂന്ന് ലോവർ പ്രൈമറി സ്കൂളുകളും മൂന്ന് അപ്പർ പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. പ്രദേശത്ത് 161 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വാട്ടർ ഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ വാട്ടർ ഷെഡിന് പുറത്ത് താമസിക്കുന്നവരുമായി 9 പേരും അവർക്ക് 1858 സെന്റ് സ്ഥലവും പദ്ധതി പ്രദേശത്ത് ഉണ്ട്. പദ്ധതി പ്രദേശത്ത് 60 മീറ്റർ ശരാശരി ആഴത്തിലുള്ള 338 കുഴൽ കിണറുകളും 7.5 മീറ്റർ ശരാശരി ആഴത്തിലുള്ള 88 സ്വകാര്യകുളങ്ങളും 12 പൊതുകുളങ്ങളും ഉണ്ട്. കൂടാതെ 3010 സ്വകാര്യകിണറുകളും പദ്ധതി പ്രദേശത്തിനകത്തുണ്ട്.

## 2.9 പാലക്കാട് ജില്ല – മലേറിയംതോട് നീർത്തട പദ്ധതി

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്- 19 ട്രാഞ്ചയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2015-2019 കാലയളവിൽ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ കോട്ടോപ്പാടം ഗ്രാമപ്പഞ്ചായത്തിലെ 2,4,20,21 & 22 വാർഡുകളിൽ ഉൾപ്പെട്ട പ്രദേശത്ത് നടപ്പിലാക്കിയ പദ്ധതിയാണ് "മലേറിയംതോട് നിർത്തട പദ്ധതി". ആകെ വിസ്തീർണ്ണം 1104 ഹെക്ടറും, പ്രവൃത്തി നടപ്പിലാക്കുന്നതിനായി ലഭ്യമായ പ്രദേശം 610 ഹെക്ടറുമുള്ള ടി നീർത്തടം ഒറ്റക്കൊമ്പൻ, ഇരട്ടക്കൊമ്പൻ മലകളിലെ കല്ലടിക്കോടൻ റേഞ്ചിൽ നിന്നും ഉത്ഭവിച്ച് മലേറിയം തോടിലൂടെ ഒഴുകി പിന്നീട് പാലക്കുഴി പുഴയിലെത്തി അവസാനം കടലുണ്ടി പുഴയിലവസാനിക്കുന്നു. മലേറിയംതോട് നീർത്തട പദ്ധതി പ്രവർത്തനങ്ങൾ 04.02.2015-ന് ആരംഭിച്ച് 30.06.2019-ന് പൂർത്തീകരിച്ചു. ടി പദ്ധതിയിൽ 178 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. പദ്ധതിയുടെ ആകെ അടങ്കൽ തുക 164.02 ലക്ഷം ആണ്.



ടി പദ്ധതിയിൽ കയ്യാലകൾ, പാർശ്വഭിത്തികൾ, തടയണകൾ ലൂസ്ബോൾഡർ തടയണകൾ, കുളങ്ങൾ, മേൽക്കൂര മഴവെള്ള സംരക്ഷണം, കിണർ റീചാർജ്ജ്, ഫലവൃക്ഷത്തൈ വിതരണം മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലൂടെ ഉപരിതല മണ്ണൊലിപ്പ് തടയുവാനും, ഭൂഗർഭ ജലവിതാനം ഉയർത്തുവാനും, മണ്ണിൽ ജലത്തിന്റെ ആഗിരണം വേഗത്തിലാക്കുന്നതിനും, കാർഷിക വിളകൾക്ക് ജലലഭ്യത ഉറപ്പുവരുത്തുവാനും, മണ്ണിന്റെ ഈർപ്പം നിലനിർത്തുവാനും, നിലവിലുള്ള കുളങ്ങളിലും കിണറുകളിലും, കുഴൽകിണറുകളിലും ജലവിതാനം ഉയർത്തുന്നതിനും സാധിച്ചു.പദ്ധതി പൂർത്തീകരിച്ചതിലൂടെ കർഷകർക്ക് കൃഷിയിൽ നിന്നുള്ള ഉത്പാദനവും, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ പ്രദേശങ്ങൾ കൃഷിയിലേയ്ക്ക് കൊണ്ടുവരുവാനും പദ്ധതി കാലയളവിൽ അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിയ്ക്കുവാനും സാധിച്ചു.



**<u>മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ.</u>**

- കല്ല് കയ്യാല
- മണ്ണ് കയ്യാല.
- പാർശ്വ ഭിത്തി നിർമാണം.
- ചെറിയ തടയണകൾ
- കുളം നിർമാണം
- പുല്ല് വെച്ച് പിടിപ്പിക്കൽ

| | |
|---|---|
| **ആരംഭിച്ച തീയതി** | 04/02/2015 |
| **പൂർത്തിയാക്കിയ തീയതി** | 30/06/2019 |








മലേറിയംതോട് നീർത്തട പദ്ധതി നടപ്പിലാക്കിയ പ്രദേശത്ത് 2989 സ്ത്രീകളും, 2875 പുരുഷൻമാരും ഉൾപ്പെടുന്നു. അതിൽ 160 പട്ടികജാതിക്കാരും 208 പട്ടികവർഗക്കാരും , 5496 മറ്റ് വിഭാഗക്കാരും ഉൾപ്പെടുന്നു. ടി പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനമായി 4 അംഗനവാടികൾ ആണ് ഉള്ളത്. കൂടാതെ കരടിയോട് ജലനിധി കുടിവെള്ള പദ്ധതി, എരട്ടവാരി പടിഞ്ഞാറെ കുളമ്പ് കുടിവെള്ള പദ്ധതി എന്നിങ്ങനെ 2 കുടിവെള്ള പദ്ധതികളും പദ്ധതി പ്രദേശത്തുണ്ട്. വാട്ടർഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 17 പേരും അവർക്ക് 3913 സെന്റ് സ്ഥലവുമാണ് പദ്ധതി പ്രദേശത്ത് ഉള്ളത്. ശരാശരി 360 അടി ആഴമുള്ള 52 കുഴൽ കിണറുകളും ശരാശരി 6 മീറ്റർ ആഴമുള്ള 9 കുളങ്ങളും ശരാശരി 15 മീറ്റർ ആഴമുള്ള 200 സ്വകാര്യ കിണറുകളും, ശരാശരി 15 മീറ്റർ ആഴമുള്ള 7 പൊതു കിണറുകളും ഉള്ളതായാണ് സർവേ സൂചിപ്പിക്കുന്നത്.

## 2.10 മലപ്പുറം ജില്ല-കൽക്കുണ്ട് കാപ്പിലാം തോട്ടം നീർത്തട പദ്ധതി

മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്- 19 ട്രാഞ്ചയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2014-2019 കാലയളവിൽ മലപ്പുറം ജില്ലയിൽ കാളികാവ് ബ്ലോക്കിലെ കരുവാരക്കുണ്ട് ഗ്രാമപ്പഞ്ചായത്തിലെ 7,8 വാർഡുകളിൽ ഉൾപ്പെട്ട പ്രദേശത്ത് നടപ്പിലാക്കിയ പദ്ധതിയാണ് "കൽക്കുണ്ട് കാപ്പിലാം തോട്ടം നീർത്തട പദ്ധതി'. ടി പദ്ധതിയുടെ ആകെ അടങ്കൽ തുക 184.76 ലക്ഷം രൂപ ആണ്. പ്രദേശത്തിന്റെ ആകെ വിസ്തൃതി 1919 ഹെക്ടറും, പ്രവൃത്തി നടപ്പിലാക്കുന്നതിനായി ലഭ്യമായ പ്രദേശം 920 ഹെക്ടറുമാണ് . ടി പദ്ധതിയിൽ 190 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു.







**മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

1. മണ്ണ് ബണ്ട്
2. കോണ്ടൂർ ബണ്ട്
3. മഴക്കുഴി
4. ചെക്ക് ഡാം
5. ഫല വൃക്ഷ തൈകളുടെയും മറ്റ് തൈകളുടെയും വിതരണം.

| | |
|---|---|
| **ആരംഭിച്ച തീയതി** | 20/09/2014 |
| **പൂർത്തിയാക്കിയ തീയതി** | 30/06/2019 |

പദ്ധതി പ്രദേശത്ത് 2 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഒരു പോസ്റ്റ് ഓഫീസ്, 1 പി.എച്ച്.സി (സബ് സെന്റർ) എന്നീ സ്ഥാപനങ്ങൾ പ്രസ്തുത പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. പദ്ധതി പ്രദേശത്ത് സർക്കാർ കുടിവെള്ള പദ്ധതിയായ ജലജീവൻ, അമൃത് നിലവിലുണ്ട്. വാട്ടർഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 72 ആളുകളുണ്ട്. അവർക്ക് ആകെ 186350 സെന്റ് കൈവശഭൂമി പദ്ധതി പ്രദേശത്തിനകത്ത് ഉണ്ട്. പദ്ധതി പ്രദേശത്ത് 80 മീറ്റർ ശരാശരി ആഴമുള്ള 7 കുഴൽ കിണറുകളും 8.5 മീറ്റർ ശരാശരി ആഴമുള്ള 186 സ്വകാര്യ കിണറുകളും 9 മീറ്റർ ശരാശരി ആഴമുള്ള 3 പൊതു കിണറുകളും പദ്ധതി പ്രദേശത്ത് ഉള്ളതായി സർവേ സൂചിപ്പിക്കുന്നു.

## 2.11 കോഴിക്കോട് ജില്ല– വാളക്കയം നീർത്തട പദ്ധതി, നെല്ലിക്കുന്ന് നീർത്തട പദ്ധതി

### a) വാളക്കയം നീർത്തട പദ്ധതി

കോഴിക്കോട് ജില്ലയിൽ കുന്നുമ്മൽ ബ്ലോക്കിൽ, കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ 15, 16 വാർഡുകളിലായാണ് മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വാളക്കയം നീർത്തട പദ്ധതി സ്ഥിതിചെയ്യുന്നത് .പദ്ധതി പ്രദേശത്തിന്റെ ആകെ വിസ്തൃതി 220 ഹെക്ടറും പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയ വിസ്തൃതി 190 ഹെക്ടറുമാണ്. പ്രസ്തുത പദ്ധതി 15/02/2016 ന ആരംഭിക്കുകയും 31/03/2018 ൽ പൂർത്തീകരിക്കുകയും ചെയ്തു. 48 ലക്ഷം രൂപ സാങ്കേതിക അനുമതി ലഭിച്ച പദ്ധതിയിൽ പദ്ധതി ആരംഭം മുതൽ 47.42 ലക്ഷം രൂപ ചിലവഴിച്ച് 190 ഹെക്ടർ പ്രദേശത്തു മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് .ടി പദ്ധതിയിൽ 65 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. കല്ല്കയ്യാല 9154.48 ച.മീ. പ്രവർത്തനങ്ങൾ വ്യക്തിഗത കൃഷിഭൂമികളിലും, ഡൈവെർഷൻ ചാനൽ 86.90 മീ, പാർശ്വസംരക്ഷണ ഭിത്തി (1.2 മീ.)– 255.70 മീ പാർശ്വ സംരക്ഷണ ഭിത്തി (2 മീ.) 406.85 മീ. ഗാബിയൻ ചെക്ക്ഡാം – 4 എണ്ണം, ക്രോസ് ചെക്ക് – 11 എണ്ണം എന്നിവ പൊതു ഭൂമികളിലും നീർച്ചാലുകളിലും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്കായി ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.





**<u>മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>**

- കല്ല് കയ്യാല
- ഡൈവെർഷൻ ചാനൽ
- ഗാബിയൻ ചെക്ക്ഡാം
- ക്രോസ് ചെക്ക്
- പാർശ്വ സംരക്ഷണ ഭിത്തി നിർമാണം

| | |
|---|---|
| പദ്ധതി ആരംഭിച്ച തീയതി | 15/02/2016 |
| പദ്ധതി അവസാനിച്ച തീയതി | 31/03/2018 |

പദ്ധതിക്ക് ശേഷം മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതിന്റെയും ഭൂഗർഭ ജലനിരപ്പ് ഉയർന്നതിന്റെയും ഫലമായി നാളികേരം, കശുമാങ്ങ, വാഴ, നെല്ല് എന്നിവയുടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കല്ല് കയ്യാല പോലുള്ള നിർമാണങ്ങൾ ഭൂഗർഭ ജലനിരപ്പ് ഉയരുന്നതിന് വളരെയധികം സഹായിക്കുകയും വേനൽ കാലത്ത് കിണറിലെ ജല ലഭ്യത മുമ്പത്തതിനെ അപേക്ഷിച്ച് വർധിക്കുകയും ചെയ്തിട്ടുണ്ട്. വേനൽകാലത്തെ ജല ലഭ്യത വേനൽ സീസണിലെ പച്ചക്കറി കൃഷിയിലേക്കും തീറ്റപുല്ലിന്റെ ലഭ്യതയിലേക്കും നയിച്ചിട്ടുണ്ട്.

## b)നെല്ലിക്കുന്ന് നീർത്തട പദ്ധതി

കോഴിക്കോട് ജില്ലയിൽ കുന്നുമ്മൽ ബ്ലോക്കിൽ, മരുമതോങ്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 9 ലാണ് മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ നെല്ലിക്കുന്ന് നീർത്തട പദ്ധതി സ്ഥിതിചെയ്യുന്നത്. അക്ഷാംശം 11°38'45" നും. 11°39' 00" N നും, ഇടയിലും രേഖാംശം 75°48'45" E നും , 75°49'15" E-നും ഇടയിലുമായി സ്ഥിതിചെയ്യുന്ന നെല്ലിക്കുന്ന് നീർത്തടത്തിന്റെ ആകെ വിസ്തൃതി 241 ഹെകടറും, പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയ വിസ്തീർണ്ണം 200 ഹെക്ടറുമാണ്.




**മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

1. കല്ല് കയ്യാല
2. തടയണകൾ
3. പുൽവരമ്പ്
4. കൈത്തോട് നിർമാണം
5. പാർശ്വ സംരക്ഷണ ഭിത്തി

| | |
|---|---|
| പദ്ധതി ആരംഭിച്ച തീയതി | 07/10/2014 |
| പദ്ധതി അവസാനിച്ച തീയതി | 31/03/2018 |



ഈ പദ്ധതി മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേനയാണ് നടപ്പിലാക്കിയത്. പദ്ധതി 07/10/2014-ൽ ആരംഭിക്കുകയും 31/03/2018-ന് പൂർത്തീകരിക്കുകയും ചെയ്തു. 40 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ച പദ്ധതിയിൽ ആകെ 39.24 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതിക്ക് ശേഷം മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെട്ടതിന്റെയും ഭൂഗർഭ ജലനിരപ്പ് ഉയർന്നതിന്റെയും ഫലമായി

നാളികേരം, കശുമാങ്ങ, വാഴ, നെല്ല് എന്നിവയുടെ ഉൽപാദനത്തിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കല്ല് കയ്യാല പോലുള്ള നിർമാണങ്ങൾ ഭൂഗർഭ ജലനിരപ്പ് ഉയരുന്നതിന് വളരെയധികം സഹായിക്കുകയും വേനൽ കാലത്ത് കിണറിലെ ജല ലഭ്യത മുമ്പത്തതിനെ അപേക്ഷിച്ച് വർധിക്കുകയും ചെയ്തിട്ടുണ്ട്. വേനൽകാലത്തെ ജല ലഭ്യത വേനൽ സീസണിലെ പച്ചക്കറി കൃഷിയിലേക്കും തീറ്റ പുല്ലിന്റെ ലഭ്യതയിലേക്കും നയിച്ചിട്ടുണ്ട്

## 2.12 വയനാട് ജില്ല - ഓടവയൽ നീർത്തട പദ്ധതി





മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്-19 ട്രാഞ്ചയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 2014-2019 കാലയളവിൽ വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി ബ്ലോക്കിലെ അമ്പലവയൽ ഗ്രാമപ്പഞ്ചായത്തിലെ 630 ഹെക്ടർ പ്രദേശത്ത് 150.48 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഓടവയൽ നീർത്തട പദ്ധതി. ടി പദ്ധതിയിൽ 146 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. ജലദൗർലഭ്യം, മണ്ണൊലിപ്പ് എന്നിവ പരിഹരിക്കുന്നതിനാണ് NABARD സഹായത്തോടെ മാനന്തവാടി മണ്ണ് സംരക്ഷണ ഓഫീസ് മുഖേന RIDF XIX-ൽ ഉൾപ്പെടുത്തിയാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

- അഗ്രസ്റ്റോളജിക്കൽ നടപടികൾ
- മണ്ണ് ബണ്ട്
- മഴവെള്ള സംഭരണികൾ

| | |
|---|---|
| **പദ്ധതി ആരംഭിച്ച തീയതി** | 02/11/2014 |
| **പദ്ധതി അവസാനിച്ച തീയതി** | 30/10/2019 |

## 2.13 കണ്ണൂർ ജില്ല – മഞ്ഞത്തോട് നീർത്തട പദ്ധതി



കണ്ണൂർ ജില്ലയിലെ ഇരട്ടി താലൂക്കിൽ ഇരിട്ടി ബ്ലോക്കിൽപ്പെട്ട അയ്യൻകുന്ന് പഞ്ചായത്തിലെ വാർഡ് 3 ലാണ് മഞ്ഞത്തോട് നീർത്തട പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി 2016 മാർച്ച് മാസം ആരംഭിച്ച് 2021 ജൂൺ മാസത്തിൽ പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയിൽ 161 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്തിന്റെ ആകെ വിസ്തൃതി 550 ഹെക്ടറാണ്.






**മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ**

- ചെറു തടയണ നിർമാണം
- മഴക്കുഴി നിർമാണം
- പാർശ്വഭിത്തി നിർമാണം.
- കല്ല് കയ്യാല നിർമാണം
- അഗ്രസ്റ്റോളജിക്കൽ നടപടികൾ

| | |
|---|---|
| പദ്ധതി ആരംഭിച്ചത് | 08/03/2016 |
| പദ്ധതി പൂർത്തീകരിച്ചത് | 30/06/2021 |

പദ്ധതി പ്രദേശത്ത് 732 സ്ത്രീകളും 698 പുരുഷന്മാരുമാണ് ഉള്ളത്. . പദ്ധതി പ്രദേശത്ത് ഒരു അംഗനവാടിയും ഒരു ലോവർ പ്രൈമറി സ്കൂളും സ്ഥിതി ചെയ്യുന്നു. പ്രദേശത്ത് ഒരു ഹോമിയോ ഡിസ്പൻസറിയും ഒരു പോസ്റ്റ് ഓഫീസും നിലവിലുണ്ട്.



വാട്ടർഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 99 പേരുണ്ട്. അവർക്ക് ആകെ 24730 സെന്റ് സ്ഥലം പദ്ധതി പ്രദേശത്തിനകത്ത് ഉണ്ട് . പദ്ധതി പ്രദേശത്ത് 3 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്.

പദ്ധതി പ്രദേശത്ത് ശരാശരി 150 അടി ആഴത്തിലുള്ള 2 കുഴൽ കിണറുകളും ശരാശരി 3 മീറ്റർ ആഴത്തിലുള്ള 42 സ്വകാര്യ കുളങ്ങളും, ശരാശരി 5 മീറ്റർ ആഴത്തിലുള്ള 3 പൊതു കുളങ്ങളും ശരാശരി 15 മീറ്റർ ആഴത്തിലുള്ള 2 സ്വകാര്യ കിണറുകളും പദ്ധതി പ്രദേശത്ത് സ്ഥിതി ചെയ്യുന്നു.

## 2.14 കാസറഗോഡ് ജില്ല – തിമ്മൻചാൽ നീർത്തട പദ്ധതി

കാസറഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് , കാസറഗോഡ് താലൂക്കിൽ ബന്തടുക്ക, പനത്തടി വില്ലേജിൽ പനത്തടി,കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലായി വ്യാപിച്ചു കിടക്കുന്നതാണ് തിമ്മൻചാൽ നീർത്തട പദ്ധതി ആർ.ഐ.ഡി.എഫ്-19 ട്രാഞ്ചയിൽ അംഗീകാരം ലഭിച്ച പദ്ധതിയാണ്. പ്രസ്തുത നീർത്തടത്തിന്റെ ആകെ വിസ്തൃതി 1165 ഹെക്ടർ ആണ്. ചന്ദ്രഗിരിപ്പുഴയുടെ കൈവഴിയായാണ് തിമ്മൻചാൽ നീർത്തടത്തിന്റെ പ്രധാന ചാലുകൾ ഒഴുകുന്നത്. കാസറഗോഡ് ജില്ലാ ആസ്ഥാനത്തു നിന്നും പൊയിനാച്ചി ബന്തടുക്ക, മാനടുക്കം റൂട്ടിൽ 50 കി മീറ്റർ ദൂരത്തിൽ 75°16'4" – 75°19'4" അക്ഷാംശത്തിലും, 12°27'20" – 12°29'48" രേഖാംശത്തിലും പ്രസ്തുത നീർത്തടം സ്ഥിതി ചെയ്യുന്നു. നീർത്തടത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം കിഴക്കേതുമ്പോടിയും (609 മീറ്റർ) താഴ്ന്ന പ്രദേശം (50മീറ്റർ) തിമ്മൻചാലുമാണ്. പ്രസ്തുത നീർത്തടത്തിന്റെ ആകെ വിസ്തൃതിയായ 1165 ഹെക്ടറിൽ 50 ഹെക്ടർ വനപ്രദേശവും, 450 ഹെക്ടർ ഭൂമി സംരക്ഷിത മേഖലയും, റോഡുകൾ, തോടുകൾ, കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന 150 ഹെക്ടർ ഭൂമിയും കഴിച്ച് അവശേഷിക്കുന്ന 515 ഹെക്ടർ പ്രദേശത്താണ് വിവിധ തരം മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ കാർഷിക അഭിവൃദ്ധി ലക്ഷ്യം വെച്ച് നടപ്പിലാക്കിയിട്ടുള്ളത്.







ജില്ലയിൽ രൂക്ഷമായ മണ്ണൊലിപ്പ മൂലം കൃഷി ആദായകരമല്ലാതെ വരുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ടതാണ് തിമ്മൻചാൽ നീർത്തടം. കൂടുതലായി ചെറുകിട കർഷകരും, പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങളും അധിവസിക്കുന്ന പ്രദേശം. ടി പദ്ധതിയിൽ 393 ഗുണഭോക്താക്കൾ ഉൾപ്പെടുന്നു.

<u>മണ്ണ് – ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>

1) പാർശ്വഭിത്തികളുടെ നിർമാണം.
2) ചെക്ക് ഡാമുകളുടെ നിർമാണം
3) കല്ല് കയ്യാല നിർമാണം
4) മഴക്കുഴി
5) മണ്ണ് കയ്യാല
6) തട്ട് തിരിക്കൽ

| | |
|---|---|
| **പദ്ധതി ആരംഭിച്ചത്** | 14/11/2014 |
| **പദ്ധതി പൂർത്തീകരിച്ചത്** | 31/03/2019 |

കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ തിമ്മൻചാൽ നീർത്തട പദ്ധതി വ്യാപിച്ചുകിടക്കുന്ന പ്രദേശത്ത് 4118 സ്ത്രീകളും, 3941 പുരുഷന്മാരും ഉൾപ്പെടുന്ന കുടുംബങ്ങളാണുള്ളത്. ഇതിൽ 11 പേർ പട്ടികജാതി വിഭാഗത്തിലും 2060 പേർ പട്ടിക വർഗ്ഗ വിഭാഗത്തിലും, 5988 മറ്റ് വിഭാഗത്തിലും ഉൾപ്പെടുന്നു. പ്രസ്തുത പ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളായി 10 അംഗനവാടികളും 1 അപ്പർ പ്രൈമറി സ്കൂളും, 1 ഹൈസ്കൂളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി പ്രദേശത്ത് ചാമുണ്ഡിക്കുന്ന് പോസ്റ്റ് ഓഫീസ്, ഹെൽത്ത് സെന്റർ, റേഷൻ കട, മൃഗാശുപത്രി ഹോമിയോ ആശുപത്രി എന്നിവയും നിലവിലുണ്ട്. പദ്ധതി പ്രദേശത്ത് 7 സർക്കാർ കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്.

89 കുടുംബശ്രീ യൂണിറ്റുകൾ എന്നിവ പദ്ധതി പ്രദേശത്ത് നിലവിലുണ്ട്. നീർത്തട പദ്ധതി പ്രദേശത്തിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 19 പേരും, അവർക്ക് ആകെ 5180 സെന്റ് സ്ഥലമാണ് ഉള്ളത്. ശരാശരി ആഴം 65 മീറ്ററുള്ള 123 സ്വകാര്യ കുഴൽ കിണറുകളും, ശരാശരി ആഴം 60 മീറ്റർ ഉള്ള 8 പൊതു കുഴൽ കിണറുകളും ശരാശരി 4 മീറ്റർ ആഴമുള്ള 76 കുളങ്ങളും,ശരാശരി ആഴം 10 മീറ്റർ ഉള്ള 1236 സ്വകാര്യ കിണറുകളും, ശരാശരി ആഴം 12 മീറ്റർ ഉള്ള 8 പൊതുകിണറുകളും 1 മഴവെള്ള സംഭരണിയും ഉള്ളതായാണ് സർവേയിൽ സൂചിപ്പിക്കുന്നത്.

# അദ്ധ്യായം III

## മണ്ണ് സംരക്ഷണ രീതികൾ

പ്രകൃതിയുടെ വരദാനമായി ലഭിക്കുന്ന മഴയെ സംഭരിച്ചു വയ്ക്കുന്ന പ്രകൃതിദത്തമായ ഒരു വലിയ ജലസംഭരണിയാണ് മണ്ണ്. ഭൂമിയിൽ പതിക്കുന്ന ഓരോ തുള്ളി ജലവും ആഗിരണം ചെയ്ത് മനുഷ്യനും സസ്യജാലങ്ങൾക്കും പക്ഷിമൃഗാദികൾക്കും പ്രദാനം ചെയ്യുന്നതോടൊപ്പം സംരക്ഷിക്കുകയും ചെയ്യുന്ന അത്ഭുത സൃഷ്ടിയാണ് മണ്ണ്. മനുഷ്യന്റെ നിലനിൽപ്പിനാധാരമായ മണ്ണ് അവന്റെ തന്നെ ഇടപെടലിലൂടെ മലിനമായിക്കൊണ്ടിരിക്കുകയാണ്. അമിതമായ രാസവള പ്രയോഗങ്ങളും അശാസ്ത്രീയമായ കൃഷിരീതികളും മരങ്ങൾ വെട്ടി നശിപ്പിച്ചും കുന്നുകൾ ഇടിച്ചു നിരത്തിയും കൂറ്റൻ കെട്ടിടങ്ങൾ പണിതും നാം പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥ വ്യതിയാനവും വനനശീകരണവും മലിനീകരണവും അമിതമായ നഗരവത്കരണവും മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠത നശിക്കുകയാണ്. ഇത് കൃഷിയെ മാത്രമല്ല കൃഷി അടിസ്ഥാനമായ ആവാസ വ്യവസ്ഥയേയും ജല ലഭ്യതയേയും ബാധിക്കുന്നു. മണ്ണ്, ജലം എന്നിവയുടെ സംരക്ഷണം കാലത്തിന്റെ ആവശ്യകതയും പ്രകൃതിയുടെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതവുമാണ്.

### 3.1 മണ്ണ് സംരക്ഷണ പദ്ധതികൾ

ഒട്ടേറെ ജൈവ-രാസ ഘടകങ്ങൾ ഉൾപ്പെടുന്ന അമൂല്യ സമ്പത്തായ മണ്ണ്, ജീവന്റെ തുടിപ്പായ ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വിവിധതരം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടിക 3.1

| മണ്ണ് സംരക്ഷണ പദ്ധതികളുടെ വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| സ്കീം | മണ്ണ് സംരക്ഷണം നടപ്പിലാക്കിയ പ്രവർത്തികൾ | | | | |
| | സ്ലാറ്റം 1 | സ്ലാറ്റം 2 | സ്ലാറ്റം 3 | സ്ലാറ്റം 4 | ആകെ |
| RIDF | 1477 | 898 | 311 | 161 | 2847 |
| പഞ്ചായത്ത് | 2 | 1 | 1 | 3 | 7 |
| MGNREGS | 2 | 25 | 5 | 6 | 38 |
| സ്വന്തം നിലയിൽ | 16 | 42 | 35 | 29 | 122 |
| മറ്റുള്ളവ | 79 | 64 | 22 | 2 | 167 |
| ആകെ | 1576 | 1030 | 374 | 201 | 3181 |




2022-23 വർഷത്തെ മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേയിൽ വിവിധ പദ്ധതികൾ മുഖേന 2418 ഗുണഭോക്താക്കളുടെ സ്ഥലങ്ങളിലായി 3181 മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്. അതിൽ 2847 പ്രവർത്തികളും RIDF പദ്ധതി വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. 122 പ്രവർത്തികൾ സ്വന്തം നിലയിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആണ്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്ലാറ്റം 2, 3 എന്നിവയിലാണ് കൂടുതൽ മണ്ണ് സംരക്ഷണ പദ്ധതികൾ സ്വന്തം നിലയിൽ നടപ്പിലാക്കിയിട്ടുള്ളത്.

### 3.2 മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

വ്യത്യസ്ത തരം മണ്ണ് സംരക്ഷണ രീതികൾ ഭൂമിയുടെ ദീർഘകാല ഉപയോഗം ഉറപ്പാക്കുകയും ഭാവി തലമുറകൾക്ക് അത് ഉൽപാദനക്ഷമമാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ തരം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

പട്ടിക 3.2
ജില്ലകളിൽ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

| പ്രവൃത്തികൾ | സ്ലാറ്റം 1 | സ്ലാറ്റം 2 | സ്ലാറ്റം 3 | സ്ലാറ്റം 4 | ആകെ |
|---|---|---|---|---|---|
| കോണ്ടൂർബണ്ടിംഗ് | 302 | 285 | 80 | 42 | 709 |
| ടെറസിംഗ് | 113 | 98 | 25 | 9 | 245 |
| കിണർ റീചാർജിംഗ് | 200 | 14 | 2 | 1 | 217 |
| പാർശ്വഭിത്തി നിർമാണം | 93 | 26 | 7 | 1 | 127 |
| മേൽക്കൂര മഴവെള്ള സംഭരണ സംവിധാനം | 106 | 9 | 5 | 1 | 121 |

| | | | | | |
|---|---|---|---|---|---|
| കല്ല്കയ്യാല | 255 | 263 | 145 | 104 | 767 |
| മണ്ണ്കയ്യാല | 179 | 135 | 28 | 12 | 354 |
| മഴക്കുഴി | 32 | 62 | 31 | 13 | 138 |
| വനവത്കരണം | 115 | 26 | 16 | 2 | 159 |
| റിംഗ് പോണ്ട്. | 64 | 1 | | | 65 |
| മറ്റുള്ളവ | 132 | 101 | 33 | 13 | 279 |
| ആകെ | 1591 | 1020 | 372 | 198 | 3181 |




2022-23 വർഷത്തെ മണ്ണ് സംരക്ഷണ പഠന സർവേയിൽ 14 ജില്ലകളിലായി 3097 ഗുണഭോക്താക്കൾ വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങളിലും കോണ്ടൂർ ബണ്ടിംഗ്, കല്ല് കയ്യാല, മണ്ണ് കയ്യാല, ടെറസിംഗ് എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. പാർശ്വഭിത്തി നിർമാണം,റിംഗ് പോണ്ട്. മഴക്കുഴി എന്നിവ വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ . കാലാവസ്ഥാ വ്യതിയാനങ്ങളിലൂടെ ഉണ്ടാകുന്ന അമിതമായ മഴ, കാറ്റ്, മനുഷ്യന്റെ കടന്നുകയറ്റത്തിലൂടെ ഉണ്ടാകുന്ന വനനശീകരണം മലിനീകരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ മേൽമണ്ണ് നീക്കം ചെയ്യപ്പെടുന്നു. തത്ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുകയും അവിടം കൃഷിക്ക് അനുയോജ്യമല്ലാതായി തീരുകയും ചെയ്യുന്നു. മനുഷ്യന്റെ നിലനിൽപ്പിന് ഇതര ജീവജാലങ്ങളുടെ സാന്നിധ്യം കൂടി അനിവാര്യമാണ്. ഇതിനെല്ലാം മണ്ണിന്റെ ആരോഗ്യം സംരക്ഷിച്ചേ മതിയാകൂ. മാനവരാശിയുടെ നിലനിൽപ്പിനാധാരമായ മണ്ണ് സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ നിരവധി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

### 3.3 മണ്ണ് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയ ഭൂമിയുടെ വിവരങ്ങൾ

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസരിച്ച് വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളാണ് പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനമായും കോണ്ടൂർബണ്ടിംഗ്, കല്ല്കയ്യാല, മണ്ണ്കയ്യാല, ടെറസിംഗ് ,മഴക്കുഴി, പാർശ്വഭിത്തി നിർമാണം മുതലായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികൾ മുഖേന ഏകദേശം 19.08 ഹെക്ടർ പ്രദേശത്ത് കോണ്ടൂർ ബണ്ടിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ RIDF പദ്ധതിയാണ് കൂടുതൽ ഗുണഭോക്താക്കൾ പ്രയോജനപ്പെടുത്തിയിട്ടുള്ളത്. ഏകദേശം 4.55 ഹെക്ടർ പ്രദേശത്ത് ടെറസിംഗ് ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾ മുഖേന 133 മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്. മഴക്കുഴി നിർമാണം RIDF പദ്ധതി മുഖേനയും മറ്റുള്ള രീതിയിലും ആണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മുഖേന 215 കിണറുകൾ റീചാർജ് ചെയ്തിട്ടുണ്ട്. ഏകദേശം 5760 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ 99% ഉം RIDF പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത് ,മണ്ണൊലിപ്പ് തടയുന്നതിനുള്ള പ്രവർത്തനമാണ് കല്ല് കയ്യാല നിർമാണം: ഏകദേശം 21.63 ഹെക്ടർ പ്രദേശത്താണ് കല്ല് കയ്യാല നിർമ്മിച്ചിട്ടുള്ളത്. ഇതിൽ RIDF പദ്ധതി പ്രകാരം 69.15% ഉം സ്വന്തം നിലയിൽ 0.06 % ഉം മറ്റുള്ളവ വഴി 30.79% ആണ് നടപ്പിലാക്കിയിട്ടുള്ളത്. ഇത് കൂടാതെ മണ്ണ് ജല സംരക്ഷണത്തിനായി മറ്റ പല പ്രവർത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.

പട്ടിക 3.3 മണ്ണ് സംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയ ഭൂമിയുടെ വിവരങ്ങൾ

| പ്രധാന പ്രവർത്തനങ്ങൾ | സ്കീം | | | | |
|---|---|---|---|---|---|
| | RIDF | പഞ്ചായത്ത് | MGNREGS | സ്വന്തം നിലയിൽ | മറ്റുള്ളവ |
| കോണ്ടൂർബണ്ടിംഗ്(ച.മീ.) | 190196.2 | 0 | 0 | 847 | 0 |
| ടെറസിംഗ്(ച.മീ.) | 45553 | 0 | 0 | 0 | 0 |
| മഴക്കുഴി(എണ്ണം) | 132 | 0 | 0 | 0 | 1 |
| കിണർറീചാർജ്ജിംഗ്(എണ്ണം) | 215 | 0 | 0 | 0 | 0 |
| പാർശ്വഭിത്തിനിർമാണം(മീറ്റർ) | 5755.9 | 5 | 0 | 0 | 0 |
| മണ്ണ്കയ്യാല(ച.മീ.) | 96266.8 | 0 | 200 | 0 | 0 |
| കല്ല്കയ്യാല(ച.മീ.) | 149642.48 | 0 | 0 | 108.94 | 66645 |
| റിംഗ്ഗ്ലാണ്ട്(എണ്ണം) | 64 | 0 | 0 | 0 | 0 |
| വനവത്ക്കരണം (ച.മീ.) | 1635 | 0 | 0 | 0 | 0 |




### 3.4 പ്രധാന പ്രവർത്തനങ്ങൾ

#### 3.4.1 കോണ്ടൂർ ബണ്ടിംഗ്



ഉപരിതല ഒഴുക്കിനെ തടയാൻ പറമ്പുകളിൽ മണ്ണ് കൊണ്ടോ, കല്ല് കൊണ്ടാ നിർമ്മിക്കുന്ന തടസ്സങ്ങളാണ് കോണ്ടൂർ ബണ്ടുകൾ, മണ്ണ് കയ്യാല, കല്ല് കയ്യാല, തിരണകൾ, കയ്യാല മാടൻ, കൊള്ള് എന്നിവയെല്ലാം ഈ ഗണത്തിൽ ഉൾപ്പെടും. മഴകുറഞ്ഞ സ്ഥലങ്ങളിൽ ജലസംരക്ഷണത്തിനും മഴ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണത്തിനും ഇത് സഹായിക്കുന്നു. ചരിവുള്ള പ്രദേശങ്ങളിൽ തട്ടുകൾ തിരിച്ച് കൃഷി ചെയ്യുന്ന രീതിയാണ് കോണ്ടൂർ ബണ്ടിംഗ് മഴ വെള്ളം പിടിച്ചുനിർത്തുകയും ജലം മണ്ണിലേക്ക് ഊർന്നിറങ്ങി മണ്ണൊലിപ്പ് കുറയുകയും ഭൂമി

കൂടുതൽ കൃഷിയോഗ്യമാക്കുകയും ചെയ്യുന്നു. റബ്ബർ, തേയില, കാപ്പി, കുരുമുളക് എന്നീ വിളകൾ കോണ്ടൂർ ബണ്ടിംഗ് വഴി കൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്. കോണ്ടൂർ ബണ്ടിംഗ് വിവിധ പദ്ധതികൾ മുഖേന 6 ജില്ലകളിൽ ഏകദേശം 191043.2 ചതുരശ്ര മീറ്റർ ചുറ്റളവിൽ നടപ്പിലാക്കിയിട്ടുണ്ട്. RIDF പദ്ധതിമുഖേനയും സ്വന്തം നിലയിലും പ്രവൃത്തി നടപ്പിലാക്കിയുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 3.4**

**കോണ്ടൂർ ബണ്ടിംഗ്**

| ക്രമ നമ്പർ | ജില്ല | പദ്ധതി | വിസ്തൃതി (ച.മീ.) |
|---|---|---|---|
| 1 | തിരുവനന്തപുരം | RIDF | 3694 |
| 2 | കൊല്ലം | RIDF | 13878.5 |
| 3 | കോട്ടയം | RIDF | 95984 |
| 4 | മലപ്പുറം | RIDF | 432 |
| 5 | കണ്ണൂർ | RIDF | 31832 |
| | | സ്വന്തം നിലയിൽ | 847 |
| 6 | കാസർഗോഡ് | RIDF | 44375.73 |




മേൽ പട്ടികയിൽ നിന്നും RIDF 99.55% , സ്വന്തം നിലയിൽ 0.45% ആണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. കോട്ടയം ജില്ലയിലാണ് (50.24%) കൂടുതൽ പ്രദേശത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തൊട്ടടുത്ത സ്ഥാനം കാസർഗോഡ് (23.23%), കണ്ണൂർ(17.11%) എന്നീ ജില്ലകൾ പങ്കിടുന്നു.|

### 3.4.2 ടെറസിംഗ്(തട്ട് തിരിക്കൽ)

ചെങ്കുത്തായ ചരിവുകളിലും മലയോര പ്രദേശങ്ങളിലും ഉയർന്നപ്രദേശങ്ങളിലും കർഷകർ ഉപയോഗിക്കുന്ന ഒരു കാർഷികരീതിയാണ് ടെറസ് ഫാമിംഗ്. ചരിവുള്ള പ്രദേശങ്ങളിൽ തട്ടുതിരിക്കലാണ് മണ്ണ്-ജല സംരക്ഷണത്തിന് അനുയോജ്യം. ചരിവ് കുറഞ്ഞ പ്രദേശത്തും തട്ടുതിരിക്കൽ സർവ്വ സാധാരണമായി കേരളത്തിൽ കാണപ്പെടുന്നു. ഭൂമിയുടെ ചരിവ്, വിള എന്നിവയ്ക്ക് അനുസരിച്ച് തട്ടുകളുടെ വീതിയിൽ വ്യത്യാസം വരുന്നു. ഉരുളൻ കല്ല് ലഭ്യമായയിടങ്ങളിൽ ഇതുപയോഗിച്ച് കയ്യാല നിർമ്മിച്ചും തട്ടുതിരിക്കൽ നടത്തുന്നു. 12 മുതൽ 47 ശതമാനം വരെ ചരിവുള്ള പ്രദേശങ്ങളിൽ തട്ടുതിരിക്കലാണ് മണ്ണ്-ജല സംരക്ഷണത്തിന് അനുയോജ്യം എന്നാൽ കേരളത്തിൽ ചരിവ് കുറഞ്ഞ ഇടനാടൻ നെൽപാടങ്ങളിൽ പോലും നിരപ്പുതട്ടുകൾ സർവ്വസാധാരണമാണ്. മഴകൂടുതൽ ഉള്ള പ്രദേശങ്ങളിൽ (1500 മില്ലീമിറ്ററിൽ കൂടുതൽ) അകത്തേക്ക് ചരിവുള്ള തട്ടുകളാണ് കൂടുതൽ ഉചിതം. ലഭ്യമായ മേൽ മണ്ണിന്റെ പകുതിയിൽ കൂടുതൽ ആഴത്തിൽ മണ്ണിളക്കിമാറ്റി നിരപ്പാക്കാൻ ഉപയോഗിക്കുന്നത് മേൽ മണ്ണിനു മുകളിൽ ഫലഭൂയിഷ്ഠത കുറഞ്ഞ അടിമണ്ണ് കലരാൻ കാരണമാകുന്നു. 47 ശതമാനത്തിൽ കൂടുതലുള്ള ചരിവുകളിൽ തട്ടു തിരിക്കൽ കൃഷി ചെയ്യാൻ കിട്ടുന്ന ഭൂമി കുറയുന്നതിന് കാരണമാകുന്നു. അതായത് 36 ശതമാനം ചരിവുള്ള ഭൂമിയൽ 66 ശതമാനം സ്ഥലം മാത്രമേ കൃഷിക്കു ലഭിക്കുന്നുള്ളൂ. ശേഷിക്കുന്ന ഭാഗം തട്ടുകൾക്കിടയിൽ നഷ്ടപ്പെടുന്നു. അതിനാൽ 36 മുതൽ 47 ശതമാനം ചരിവുള്ള സ്ഥലങ്ങളിൽ പടവുതട്ടുകളാണ് അനുയോജ്യമായിട്ടുള്ളത്. താരതമ്യേന കുറഞ്ഞ അകലങ്ങളിൽ വളർത്താൻ കഴിയുന്ന ദീർഘകാല വിളകളാണ് പടവുതട്ടുകൾക്ക് അനുയോജ്യമായത്. തേയില, കാപ്പി, കമുക് എന്നീ വിളകൾ പടവു തട്ടുകളിൽ വളർത്താവുന്നതാണ്.

2022–23 വർഷത്തെ മണ്ണ് സംരക്ഷണ പഠന സർവേയിൽ വിവിധ പദ്ധതികൾ മുഖേന 4 ജില്ലകളിലായി ഏകദേശം 45553 ച.മീ. സ്ഥലത്ത് ടെറസിംഗ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. RIDF പദ്ധതിയിലൂടെ ആണ് 100% പ്രവർത്തിയും നടപ്പിലാക്കിയിട്ടുള്ളത്. കാസർഗോഡ് (67.05%) ജില്ലയിലാണ് കൂടുതൽ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കൊല്ലം(25.96%), വയനാട്(6.19%) എന്നീ ജില്ലകൾ തൊട്ടടുത്ത സ്ഥാനങ്ങൾ പങ്കിടുന്നു.



| പട്ടിക 3.5<br>ടെറസിംഗ്(തട്ട് തിരിക്കൽ) | | | |
|---|---|---|---|
| ക്രമ നമ്പർ | ജില്ല | പദ്ധതി | വിസ്തൃതി (ച.മീ.) |
| 1 | തിരുവനന്തപുരം | RIDF | 366 |
| 2 | കൊല്ലം | RIDF | 11827 |
| 3 | വയനാട് | RIDF | 2818 |
| 4 | കാസർഗോഡ് | RIDF | 30542 |



### 3.4.3 മഴക്കുഴി നിർമാണം

ഒഴുകി നഷ്ടപ്പെടുന്ന മഴവെള്ളം താൽക്കാലികമായി ശേഖരിച്ചു നിർത്തി സാവധാനം മണ്ണിലേക്കിറക്കുന്നതിന് നിശ്ചിത വലുപ്പത്തിൽ സ്ഥലത്തെ മണ്ണുമാറ്റി ഉണ്ടാക്കുന്ന കുഴികളാണ് മഴക്കുഴികൾ. ചരിവു കുറഞ്ഞ പ്രദേശങ്ങളും പറമ്പുകളുമാണ് മഴക്കുഴി നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം. പന്ത്രണ്ട് ശതമാനം വരെ ചരിവുള്ള പ്രദേശങ്ങളിൽ മഴക്കുഴികൾ നിർമിക്കാവുന്നതാണ്. പന്ത്രണ്ട് മുതൽ ഇരുപത് ശതമാനം വരെ ചരിവുള്ള പ്രദേശങ്ങളിൽ മഴക്കുഴി ഗുണകരമാകില്ല. ഇവിടെ മരങ്ങളും ചെടികളും വച്ചുപിടിപ്പിച്ച് മഴവെള്ളം ഭൂമിയിൽ താഴാൻ അനുവദിക്കുകയാണ് വേണ്ടത്. സംസ്ഥാനത്തിപ്പോൾ 2x2x2 അടി വിസ്തൃതിയുള്ള കുഴികളാണ് മഴവെള്ള സംഭരണത്തിന് നിർമിക്കുന്നത്. പറമ്പുകളിൽ വീഴുന്ന മഴ ഒരു പ്രത്യേക ചാല് നിർമിച്ച് ഈ കുഴികളിൽ സംഭരിക്കുന്നു. കിണറുകൾ, കുളങ്ങൾ എന്നിവയ്ക്കു മുകളിലായാണ് മഴക്കുഴികൾ ഉണ്ടാക്കുക. ഇതുവഴി കൃഷിയിടത്തിലെ മണ്ണും ജലവും ഒഴുകി നഷ്ടപ്പെടാതെ സംരക്ഷിക്കാം. ഇവയിൽ ജലം നിറഞ്ഞ് സാവധാനം മണ്ണിലേക്കിറങ്ങുന്നു. തത്ഫലമായി ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ കഴിയും.



| പട്ടിക 3.6<br>മഴക്കുഴി നിർമാണം | | | |
|---|---|---|---|
| ക്രമ നമ്പർ | ജില്ല | പദ്ധതി | ച.മീ |
| 1 | കോട്ടയം | RIDF | 1225 |
| 2 | തൃശ്ശൂർ | RIDF | 964 |
| 3 | മലപ്പുറം | RIDF | 1066 |
| | | മറ്റ രീതിയിൽ | 42 |
| 4 | വയനാട് | RIDF | 2904 |
| 5 | കണ്ണൂർ | RIDF | 88 |
| 6 | കാസർഗോഡ് | RIDF | 4222 |




2022-23 വർഷത്തെ മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവേ പ്രകാരം വിവിധ പദ്ധതികൾ മുഖേന 6 ജില്ലകളിലായി ഏകദേശം 10511 ച.മീറ്റർ മഴക്കുഴികൾ നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി RIDF 99.60% മറ്റുള്ള രീതിയിൽ 0.40% എന്നിങ്ങനെയാണ് പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ കാസർഗോഡ് ജില്ലയിൽ ഏകദേശം 4222 ച.മീറ്ററിൽ മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്.വയനാട്,കോട്ടയം,മലപ്പുറം, തൃശ്ശൂർ, കണ്ണൂർ, എന്നീ ജില്ലകളിൽ യഥാക്രമം ഏകദേശം 2904, 1225, 1108, 964, 88 ച.മീറ്ററിൽ മഴക്കുഴികൾ നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

### 3.4.4 കിണർ റീചാർജ്ജിംഗ്

കേരളത്തിൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം വ്യാപകമാവുകയാണ്. ഏറ്റവും കൂടുതൽ കിണർ സാന്ദ്രതയുള്ള സംസ്ഥാനമാണ് കേരളം. എന്നിട്ടും വേനൽക്കാലത്ത് കിണർ വറ്റുകയും, ജല ലഭ്യത കുറയുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. കേരളത്തിലെ ഭൂഗർഭജലവിതാനം പൊതുവെ താഴ്ന്നുകൊണ്ടിരിക്കുന്നു എന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. ഈ സാഹചര്യത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്ന കാര്യത്തിൽ കേരളം അതീവ ജാഗ്രത പാലിക്കേണ്ടതുണ്ട്. കേരളത്തിൽ കാലവർഷക്കാലത്തും, തുലാമഴക്കാലത്തുമായി ധാരാളം മഴവെള്ളം കിട്ടുന്നുണ്ട്. ഇവയെ ശാസ്ത്രീമായി സംഭരിച്ച് വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്. ഇതിനായി ഫലപ്രദമായി ചെയ്യാവുന്ന ഒരു പ്രവൃത്തിയാണ് കിണർ റീചാർജിംങ്. പ്രധാനമായി നാലു വിധത്തിൽ കിണർ റീ ചാർജ്ജ് ചെയ്യാം

- പുരയിടത്തിൽ ലഭ്യമാകുന്ന മഴവെള്ളത്തെ പുരയിടത്തിൽ നിന്നു പുറത്തുപോകാതെ കിണറുകളെ കേന്ദ്രീകരിച്ചു മണ്ണിൽ താഴ്ത്തുക (തീര പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഇതിനു സാദ്ധ്യതയില്ല).
- കിണറിനെ കേന്ദ്രീകരിച്ചു മഴക്കുഴിയോ ചാലുകളോ തെങ്ങിന് തടങ്ങളോ ഉണ്ടാക്കി മഴവെള്ളം മണ്ണിൽ താഴ്ത്തുക. ഉയർന്ന പ്രദേശങ്ങളിലും സമതല പ്രദേശങ്ങളിലും ഇതു അനുയോജ്യം.
- കൃഷി ചെയ്യാൻ ഭൂമിയുള്ളവർ കാർഷിക മുറകളിലൂടെ ജലസംരക്ഷണം നടത്തുക.
- മേല്ക്കൂരയിൽ നിന്നുള്ള മഴവെള്ളം പാത്തികളിലൂടെ അല്ലെങ്കിൽ പൈപ്പിലൂടെ കിണറിനരികത്തേയ്ക്കു കൊണ്ടുവന്നു ഫിൽറ്റർ സംവിധാനം ഘടിപ്പിച്ചു മഴവെള്ളം കിണറിനകത്തേയ്ക്കു കൊടുക്കാവുന്നതാണ്.



| പട്ടിക 3.7<br>കിണർ റീചാർജ്ജിംഗ് | | | |
|---|---|---|---|
| ക്രമ നമ്പർ | ജില്ല | പദ്ധതി | എണ്ണം |
| 1 | തൃശ്ശൂർ | RIDF | 215 |




2022-23 വർഷത്തെ മണ്ണ് സംരക്ഷണ പഠന സർവേയിൽ വിവിധ പദ്ധതികൾ മുഖേന തൃശ്ശൂർ ജില്ലയിൽ 215 കിണറുകൾ റിചാർജ്ജ് ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. RIDF പദ്ധതി മുഖേനയാണ് 215 കിണറുകളും റീചാർജ്ജ് ചെയ്തതായി കണ്ടെത്തിയിട്ടുള്ളത്.

### 3.4.5 പാർശ്വഭിത്തി നിർമാണം



തോടുകളുടെയും അരുവികളുടെയും മണ്ണിടിഞ്ഞു വീണ് നീരൊഴുക്ക് തടസ്സപ്പെടുന്നത് തടയാനാണ് പാർശ്വഭിത്തി നിർമിക്കുന്നത്. ഇതിലൂടെ തോടുകളുടേയും, അരുവികളുടേയും, പുരയിടങ്ങളുടേയും വശങ്ങൾ സംരക്ഷിക്കപ്പെടുന്നു. തോടുകളിലും അരുവികളിലും കുത്തൊഴുക്ക് ചെന്നിടിക്കുന്ന വളവുകളിൽ മാത്രം പാർശ്വഭിത്തികൾ നൽകിയാൽ മതിയാകും. മറ്റിടങ്ങളിൽ മുള, ഈറ, കൈത എന്നിവ നട്ടുവളർത്തി കൊണ്ടു തന്നെ പാർശ്വസംരക്ഷണം സാധ്യമാകുന്നു. ചകിരി വലകൾ പാകി അതിൽ കുറ്റിച്ചെടികളും പുല്ലും വളർത്തുന്നതും തീരസംരക്ഷണത്തിന് അനുയോജ്യമായി കാണുന്നു.

പട്ടിക 3.8
പാർശ്വഭിത്തി നിർമാണം

| ക്രമ നമ്പർ | ജില്ല | പദ്ധതി | നീളം (മീറ്റർ) |
|---|---|---|---|
| 1 | ആലപ്പുഴ | RIDF | 2241.5 |
| 2 | പാലക്കാട് | RIDF | 2974.4 |
| 3 | വയനാട് | RIDF | 25 |
| | | പഞ്ചായത്ത് | 5 |
| 4 | കണ്ണൂർ | RIDF | 515 |




2022–23 വർഷത്തെ മണ്ണ് സംരക്ഷണ പഠന സർവേയിൽ വിവിധ പദ്ധതികൾ മുഖേന 4 ജില്ലകളിൽ എകദേശം 5760.9 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമാണ പ്രവർത്തനം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 99.85% ഉം RIDF പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്ത് മുഖേനെ 5 മീറ്റർ(0.15%) മുഖേനയും പാർശ്വഭിത്തി നിർമാണം നടപ്പിലാക്കിയിട്ടുണ്ട്.

### 3.4.6 മണ്ണ് കയ്യാല

മിതമായ ചരിവുള്ള പ്രദേശത്ത് മണ്ണ്/ജലസംരക്ഷണത്തിനായി മണ്ണ് കൊണ്ട് ചെറിയ കയ്യാലകൾ നിർമിക്കുന്നതാണ് മണ്ണ് കയ്യാലകൾ. സമോച്ചരേഖയിലൂടെ മണ്ണ് കൊണ്ട് ബണ്ട് നിർമ്മിക്കാവുന്നതാണ്.ഈ ബണ്ടുകളെ തീറ്റപ്പുല്ല് നട്ട ബലപ്പെടുത്താവുന്നതാണ്.



| പട്ടിക 3.9<br>മണ്ണ് കയ്യാല | | | |
|---|---|---|---|
| ക്രമ നമ്പർ | ജില്ല | പദ്ധതി | വിസ്തൃതി (ച.മീ.) |
| 1 | തൃശ്ശൂർ | RIDF | 35531.8 |
| | | MGNREGS | 200 |
| 2 | വയനാട് | RIDF | 57602 |
| 3 | മലപ്പുറം | RIDF | 39 |
| 4 | കാസറഗോഡ് | RIDF | 3094 |




മണ്ണ് കയ്യാല – തൃശ്ശൂർ, വയനാട്, മലപ്പുറം,കാസറഗോഡ് എന്നീ ജില്ലകളിലായി ഏകദേശം 96466.8 ച.മീ. വിസ്തൃതിയിൽ മണ്ണ് കയ്യാല നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ RIDFപദ്ധതി മുഖേന 99.79% ഉം MGNREGS പദ്ധതി മുഖേന 0.21 % ഉം പ്രവർത്തി നടപ്പിലാക്കിയതായി കണ്ടെത്തിയിട്ടുണ്ട്.

### 3.4.7 കല്ല് കയ്യാല

താരതമ്യേന ചരിവ് കൂടിയ പ്രദേശത്ത് സമോച്ചരേഖയിലൂടെ കല്ലടുക്കി മണ്ണിട്ട് ബലപ്പെടുത്തുന്നതാണ് കല്ല് കയ്യാലകൾ . ഇത്തരം ചെറിയ കയ്യാലകളിൽ തടഞ്ഞ് മഴവെള്ളം പെട്ടെന്ന് ഒഴുകിപ്പോകാതെ ഒരു ഭാഗം ഭൂമിയ്ക്കടിയിലേക്ക് താഴുവാൻ ഇടയാകും. ബണ്ടുകൾക്ക് മുകളിൽ തീറ്റപ്പുല്ല് , പൈനാപ്പിൾ എന്നിവ വളർത്തി കൂടുതൽ ബലപ്പെടുത്താം.



| പട്ടിക 3.10<br>**കല്ല് കയ്യാല** | | | |
|---|---|---|---|
| ക്രമ നമ്പർ | ജില്ല | പദ്ധതി | വിസ്തൃതി (ച.മീ.) |
| 1 | തിരുവനന്തപുരം | RIDF | 8 |
| 2 | പത്തനംതിട്ട | മറ്റുള്ളവ | 66645 |
| 3 | കോട്ടയം | RIDF | 725 |
| 4 | ഇടുക്കി | RIDF | 18767 |
| 5 | തൃശ്ശൂർ | RIDF | 460 |
| 6 | പാലക്കാട് | RIDF | 11861.4 |
| 7 | മലപ്പുറം | RIDF | 100025 |
| 8 | കോഴിക്കോട് | RIDF | 16305.08 |
| | | സ്വന്തംനിലയിൽ | 108.94 |
| 9 | വയനാട് | RIDF | 1491 |

2022-23 വർഷത്തിൽ 9 ജില്ലകളിലായി ഏകദേശം 216396.42 ച.മീ. വിസ്തൃതിയിൽ കല്ല് കയ്യാല നിർമ്മിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ആകെ പ്രവർത്തിയുടെ 46.22% ഉം മലപ്പുറം ജില്ലയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ യഥാക്രമം 30.79% ഉം, 8.67% ഉം നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തിയുടെ 69.15% ഉം RIDF പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്വന്തംനിലയിൽ 0.06% ഉം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മറ്റുള്ള പദ്ധതികൾ വഴി 30.79% ഉം പ്രവർത്തി നടപ്പിലാക്കിയിട്ടുണ്ട്.

3.4.8 മറ്റ് പ്രവർത്തനങ്ങൾ

| പട്ടിക 3.11<br>മറ്റ് പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ജില്ല | പ്രവർത്തി | പദ്ധതി | എണ്ണം |
| 1 | തിരുവനന്തപുരം | റിംഗ് പോണ്ട് | RIDF | 64 |
| | | കിണർ നവീകരണം | RIDF | 16 |
| 2 | തൃശ്ശൂർ | ജൈവവേലി(ച.മീ) | RIDF | 3247.5 |
| | | പച്ചക്കറി തൈകൾ വെച്ച് പിടിപ്പിക്കൽ(ച.മീ) | RIDF | 117 |
| | | വനവത്ക്കരണം(ച.മീ) | RIDF | 634 |
| 4 | പാലക്കാട് | കുളം നവീകരണം | RIDF | 1 |
| | | കുളം നിർമാണം | RIDF | 2 |
| | | കോൺക്രീറ്റ് ചെക്ക്ഡാം | RIDF | 3 |
| | | മേൽക്കൂര മഴ വെള്ള സംഭരണ സംവിധാനം | RIDF | 121 |
| | | വനവത്ക്കരണം(ച.മീ) | RIDF | 1001 |
| 5 | കോഴിക്കോട് | പുൽവരമ്പ്(ച.മീ) | RIDF | 101 |
